⇨ കാലം അവരുടെ സമരാവേശത്തെ തളർത്തിയിട്ടില്ല എന്നാണ് 15 വർഷങ്ങൾ വ്യക്തമാക്കുന്നത് ⇨




പ്ലാച്ചിമട സമരം 15 വർഷങ്ങൾ

**ഒരുവശത്ത്** ലോകത്തിലെ ഏറ്റവും വലിയ ബഹുരാഷ്ട്ര കുത്തകകളിൽ ഒന്നായ കൊക്കക്കോള കമ്പനി. മറുവശത്ത്, സാമൂഹിക കാരണങ്ങളാൽ പാർശ്വവത്കരിക്കപ്പെട്ട പ്ലാച്ചിമടയിലെ തദ്ദേശീയ ജനസമൂഹം. കൊക്കക്കോള തങ്ങളുടെ രാഷ്ട്രീയാധീശത്വവും കോർപ്പറേറ്റ് കുതന്ത്രങ്ങളും വഴി പ്ലാച്ചിമടയിൽ ചെയ്ത ക്രിമിനൽ കുറ്റകൃത്യങ്ങളെ മറച്ചുവയ്ക്കുകയും ശിക്ഷാനടപടികളിൽ നിന്നും തുടർച്ചയായി രക്ഷപ്പെടുകയും ചെയ്യുന്നു. പ്ലാച്ചിമട ജനത സാധ്യമായ എല്ലാ വഴികളിലൂടെയും യാത്രചെയ്ത് കോർപ്പറേറ്റ് വാഴ്ചയ്ക്ക് കടിഞ്ഞാണിട്ടുകൊണ്ടേയിരിക്കുന്നു. 15 വർഷം പിന്നിടുന്ന പ്ലാച്ചിമട സമരത്തിന്റെ നാൾവഴികൾ നമുക്ക് മുന്നിൽ തുറന്നിടുന്ന കാഴ്ച ഇതാണ്; നിയമവാഴ്ചയെ നിരന്തരം വെല്ലുവിളിക്കുന്ന കൊക്കക്കോളയും സഹനസമരത്തിൽ ഉറച്ചുനിൽക്കുന്ന സമരപ്രവർത്തകരും തമ്മിലുള്ള എതിരിടലുകളുടെ പുരാവൃത്തം. 15 വർഷം കഴിഞ്ഞിട്ടും അത് തുടരുകയാണ്.

# കോർപ്പറേറ്റ് വാഴ്ചയുടെ വഴിയടച്ച സമരനാൾവഴികൾ

രാഷ്ട്രീയാധീശത്വവും കോർപ്പറേറ്റ് കുതന്ത്രങ്ങളും വഴി പ്ലാച്ചിമടയിൽ ചെയ്ത ക്രിമിനൽ കുറ്റകൃത്യങ്ങളെ മറച്ചുവയ്ക്കുകയും ശിക്ഷാനടപടികളിൽ നിന്നും തുടർച്ചയായി രക്ഷപ്പെടുകയും ചെയ്യുന്ന കൊക്കക്കോള... സാധ്യമായ എല്ലാ വഴികളിലൂടെയും യാത്രചെയ്ത് കോളയുടെ ഈ കോർപ്പറേറ്റ് വാഴ്ചയ്ക്ക് കടിഞ്ഞാണിടുന്ന പ്ലാച്ചിമട ജനത... 15 വർഷം പിന്നിടുന്ന പ്ലാച്ചിമട സമരത്തിന്റെ നാൾവഴികളിലൂടെ കടന്നുപോകുമ്പോൾ നാം കാണേണ്ടതെന്ത് ? ഗ്രഹിക്കേണ്ടതെന്ത്?

**പ്ലാച്ചിമട സമരനാൾവഴികൾ**

**സമാഹരണം: നീതുദാസ്**

കൊക്കക്കോളയുടെ ഇടപെടലുകളും പ്ലാച്ചിമട സമരത്തിലെ നിർണ്ണായക ചെറുത്തുനിൽപ്പുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ഔദ്യോഗിക വിദഗ്ധ സ്ഥാപനങ്ങളുടെയും നിലപാടുകളും മാത്രമാണ് സമാഹരിച്ചിരിക്കുന്നത്.

ജീവനോപാധികൾ നഷ്ടമായതിലൂടെ നിരാലംബരാക്കപ്പെട്ട ഒരു സമൂഹത്തെ സംബന്ധിച്ച് 15 വർഷമായി സമരം ചെയ്യേണ്ടിവരുന്നു എന്നത് അന്തസ്സ് വീണ്ടെടുക്കുന്നതിനുള്ള അനിവാര്യമായ ഒരു ഇടപെടലാണ്. ഉയർച്ച താഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും കാലം അവരുടെ സമരാവേശത്തെ തളർത്തിയിട്ടില്ല എന്നാണ് 15 വർഷങ്ങൾ വ്യക്തമാക്കുന്നത്. കുടിവെള്ള മലിനീകരണത്താലും കൃഷിവെള്ള ശോഷണത്താലും ദുരിതമനുഭവിക്കുന്ന പ്രശ്നബാധിതരെ വീണ്ടും തളർത്തുന്ന തരത്തിലുള്ള നീക്കങ്ങൾ കോളയുടെ ഭാഗത്ത് നിന്നും തുടർച്ചയായി ഉണ്ടാകുന്നുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളേയും ജനങ്ങൾക്ക് വേണ്ടി നിലകൊള്ളേണ്ട പൊതുസ്ഥാപനങ്ങളേയും വരുതിയിലാക്കി കൊക്കക്കോള തങ്ങളുടെ നില ഭദ്രമാക്കിക്കൊണ്ടേയിരിക്കുന്നു. എന്നാൽ ജനാധിപത്യം പൂർണ്ണമായും കോർപ്പറേറ്റ്രാജിലേക്ക് വഴിമാറാതിരിക്കുന്നതിനുള്ള രാഷ്ട്രീയോർജ്ജം പ്ലാച്ചിമട സമരം നിരന്തരം സമാഹരിച്ചുകൊണ്ടുമിരിക്കുന്നു. കോർപ്പറേറ്റ് വാഴ്ച സ്ഥാപിച്ചെടുക്കുന്നതിനായി കൊക്കക്കോള തുറക്കുന്ന വഴികൾ പ്ലാച്ചിമട സമരം അതിന്റെ ആന്തരികമായ ശക്തിയിലൂടെ നിരന്തരം അടച്ചുകൊണ്ടിരിക്കുകയാണ്. 15 വർഷത്തെ സമരനാൾവഴികളിലൂടെ സൂക്ഷ്മമായി കടന്നുപോയാൽ ചെറുത്തുനിൽപ്പിന്റെ ചക്രം ഈവി



വര: പ്രജിൽ അമൻ

ധം നിലയ്ക്കാതെ തിരിഞ്ഞുകൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയും.

ഏറ്റക്കുറച്ചിലുകൾക്കിടയിലും സ്വയം പ്രവർത്തകമായ ഒരു ജൈവപ്രക്രിയപോലെ ഈ സമരം ചലിച്ചുകൊണ്ടേയിരിക്കുകയാണ്. ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ള പിന്തുണകൾ അതിലേക്ക് ലയിച്ചുചേരുകയും ചെയ്യുന്നു. ഒട്ടേറെ അന്തർസംഘർഷങ്ങളിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ടെങ്കിലും, പല പ്രശ്നങ്ങളും ഇപ്പോഴും തുടരുന്നുണ്ടെങ്കിലും പ്ലാച്ചിമട സമരം 15 വർഷത്തിനിടയിൽ സമാഹരിച്ച പ്രതിരോധ ക്ഷമതയ്ക്ക് ലോക സമര ചരിത്രത്തിൽ തന്നെ നിർണ്ണായക സ്ഥാനമുണ്ട്. അത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രബുദ്ധമായ ഇടപെടലുകൾക്ക് മാത്രമേ ഈ സമരത്തെ ലക്ഷ്യത്തിലെത്തിക്കാൻ കഴിയൂ.

തീർച്ചയായും പ്ലാച്ചിമട സമരമുന്നയിച്ച ആവശ്യങ്ങൾ പൂർത്തീകരിക്കേണ്ടത് ഒരു ജനാധിപത്യ സമൂഹത്തിന്റെ മുഴുവൻ ബാധ്യതയാണ്. കാരണം അതു സംസാരിക്കുന്നത് ജീവനോപാധികൾക്ക് മേലുള്ള ജനങ്ങളുടെ അധികാരത്തെയും മനുഷ്യാന്തസ്സിന്റെ വീണ്ടെടുക്കലിനെയും കുറിച്ചാണ്. പ്രശ്നബാധിതരായ ജനങ്ങൾ ഉന്നയിച്ച കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനും കോർപ്പറേറ്റ് ബലാൽക്കാരത്തെ തടയുന്നതിനും നിലവിലെ ജനാധിപത്യ ഭരണസംവിധാനങ്ങൾ അശക്തരായിരിക്കുന്നു എന്നതാണല്ലോ കഴിഞ്ഞ 15 വർഷത്തെ അനുഭവത്തിൽ നിന്നും പ്ലാച്ചിമട നമുക്ക് മുന്നിൽ വയ്ക്കുന്ന പ്രശ്നം.

പ്ലാച്ചിമട സമരത്തിന്റെ ചരിത്രപരമായ പ്രാധാന്യം കഴിഞ്ഞ 15 വർഷത്തെ സംഭവങ്ങളിലൂടെ കടന്നുപോയി വ്യക്തമാക്കുന്ന ഈ നാൾവഴി പുസ്തകം മറ്റുചില കാര്യങ്ങൾകൂടി ഓർമ്മപ്പെടുത്തുന്നുണ്ട്. രണ്ട് വായനകളാണ് ഇത് നമുക്ക് മുന്നിൽ തുറന്നിടുന്നത്. ഒന്ന്, കോർപ്പറേറ്റ് അതിക്രമത്തെ ചെറുത്ത പ്ലാച്ചിമട സമരത്തിന്റെ ശക്തിയെ ശരിയായി മനസ്സിലാക്കൽ. മറ്റൊന്ന്, 15 വർഷം പിന്നിട്ടിട്ടും സമരലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാത്തവിധം സമരത്തെ ദുർബലപ്പെടുത്തുന്ന ആന്തരികവും ബാഹ്യവുമായ ഘടകങ്ങളെക്കുറിച്ചുള്ള വ്യക്തതവരുത്തൽ. ഈ രണ്ട് വായനകൾക്കും ഇടമുള്ള വിധത്തിലാണ് ഈ നാൾവഴി പുസ്തകത്തിൽ വിവരങ്ങൾ സമാഹരിച്ചിരിക്കുന്നത്.

ചരിത്രം എന്നത് നടന്നുതീർത്ത വഴികളുടെ രേഖപ്പെടുത്തൽ മാത്രമല്ല, ഇനി സഞ്ചരിക്കേണ്ട ദൂരത്തെക്കുറിച്ചുള്ള ഒരന്വേഷണം കൂടിയാണ് എന്ന ബോധ്യത്തോടെ ഈ നാൾവഴികളിലൂടെ കടന്നുപോകാം... ■

*ഈ ചിഹ്നം 'ഔദ്യോഗിക രേഖകൾ ലഭ്യമായ വിവരം' എന്നതിനെ സൂചിപ്പിക്കുന്നു. കോപ്പി ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതാണ്.*

**1886 മെയ് 8**
അമേരിക്കയിലെ ജോർജിയയിൽ ജോൺ സ്റ്റിത്ത് പെമ്പർടൺ എന്ന ഫാർമസിസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച ലായനി കാർബണേറ്റ് ചെയ്ത വെള്ളവുമായി ചേർത്ത് കൊക്കക്കോള എന്ന പേരിൽ വിൽപ്പന തുടങ്ങുന്നു.



**1892**: ജോർജിയയിലെ അറ്റ്ലാന്റയിലെ ആസ ഗ്രിഗ്സ് കാന്റ്ലർ എന്നയാൾ ജോൺ പെമ്പർടണിൽ നിന്നും കൊക്കക്കോളയുടെ ഫോർമുലയും ബ്രാന്റും വാങ്ങിക്കുകയും 'ദി കൊക്കക്കോള' കമ്പനി രൂപീകരിക്കുകയും ചെയ്യുന്നു.

**1958:** ന്യൂഡൽഹിയിലെ ബോട്ട്ലിങ് പ്ലാന്റിൽ കൊക്കക്കോള ഇന്ത്യയിൽ ആദ്യമായി ഉത്പാദനം തുടങ്ങുന്നു. 'പ്യൂർ ഡ്രിങ്ക്സ്' കമ്പനി ആയിരുന്നു കൊക്കക്കോളയുടെ ഇന്ത്യയിലെ ഫ്രാഞ്ചൈസി.

**1974 ജനുവരി 1:** വിദേശ വിനിമയത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യയിൽ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ ആക്ട് 1973 ഇന്ദിരാഗാന്ധി സർക്കാർ നടപ്പിലാക്കുന്നു.

**1977:** ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ ആക്ട് പ്രകാരം ഇന്ത്യൻ സർക്കാർ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിൽ വിയോജിച്ച് കൊക്കക്കോള കമ്പനി ഇന്ത്യ വിടുന്നു.

**1991 ജൂലൈ 24:** വിദേശ കമ്പനികൾക്ക് രാജ്യത്ത് നിയന്ത്രണങ്ങളില്ലാതെ നിക്ഷേപം നടത്താൻ കഴിയും വിധം ഉദാരവത്കരണ നയങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര ധനമന്ത്രി മൻമോഹൻ സിങ് ബജറ്റ് അവതരിപ്പിക്കുന്നു.

**1993 ഒക്ടോബർ 24:** വിദേശ നിക്ഷേപ നയത്തിൽ മാറ്റമുണ്ടായതോടെ ഇന്ത്യയിലേക്ക് തിരിച്ചു വന്ന കൊക്കക്കോള കമ്പനിയുടെ ബോട്ട്ലിങ് പ്ലാന്റ് ഡൽഹിയിലെ ആഗ്രയിൽ പ്രവർത്തനം തുടങ്ങുന്നു.

**1997 ഫെബ്രുവരി 14:** 1956ലെ കമ്പനീസ് ആക്ട് പ്രകാരം ദി കൊക്കക്കോള കമ്പനിയുടെ സബ് സിഡിയറി കമ്പനിയായി 'ഹിന്ദുസ്ഥാൻ കൊക്കക്കോള ബോട്ട്ലിങ് സൗത്ത് വെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്' ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നു.

**1999 ഓഗസ്ത് 31:** കൊക്കക്കോള ബോട്ട്ലിങ് പ്ലാന്റ് തുടങ്ങാനായി പ്ലാച്ചിമടയിൽ വ്യത്യസ്ത വ്യക്തികളിൽ നിന്നായി 34ഏക്കർ 41 സെന്റ് ഭൂമി വി. കിഷൻ എന്ന വ്യക്തി വാങ്ങിക്കുന്നു. ഇ.കെ. നായനാർ മുഖ്യമന്ത്രിയും സുശീലാ ഗോപാലൻ വ്യവസായ മന്ത്രിയുമായിരുന്ന എൽഡിഎഫ് സർക്കാർ വെള്ളവും വൈദ്യുതിയും നൽകാമെന്ന വാഗ്ദാനത്തിന്റെ അടിസ്ഥാന ത്തിലാണ് കമ്പനി കേരളത്തിൽ എത്തുന്നത്.

**1999 ഒക്ടോബർ 8:** പ്ലാച്ചിമടയിൽ ബോട്ട്ലിങ് പ്ലാന്റ് തുടങ്ങാൻ ഹിന്ദുസ്ഥാൻ കൊക്കക്കോള ബോട്ട്ലിങ് സൗത്ത് വെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി വി. കിഷൻ പെരുമാട്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നു.

**1999 ഒക്ടോബർ 12**: 'ഹിന്ദുസ്ഥാൻ കൊക്കക്കോള ബോട്ട്ലിങ് സൗത്ത് വെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന പേര് മാറി 'ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന പേര് നിലവിൽ വരുന്നു.

**2000 ജനുവരി 25 :** ഹിന്ദുസ്ഥാൻ ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബോട്ട്ലിങ് പ്ലാന്റിന് പ്ലാച്ചിമടയിൽ പ്രവർത്തനാനുമതി നൽകാൻ പെരുമാട്ടി പഞ്ചായത്ത് തീരുമാനിക്കുന്നു. പൊതു ആരോഗ്യത്തെ മുൻനിർത്തി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ നിബന്ധ നകളോടെ നൽകിയ സൈറ്റ് അപ്രൂവലിന്റെ അടി സ്ഥാനത്തിലാണ് പഞ്ചായത്ത് അനുമതി നൽകിയത്.

**2000 ഫെബ്രുവരി 19 :** വാട്ടർ ആക്ട് 25, 26 വകുപ്പുകൾ പ്രകാരം 31-12-2001 വരെ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 9 നിബന്ധനകളോടെ അനുമതി നൽകുന്നു. പ്ലാന്റിൽ നിന്ന് പ്രതിദിനം 8 ലക്ഷം ലിറ്റർ വരെ മലിനജലം പുറന്തള്ളാനുള്ള അനുമതിയാണ് പി.സി.ബി നൽകിയത്.

**2000 മാർച്ച് :** കൊക്കക്കോള പ്ലാന്റ് പ്ലാച്ചിമടയിൽ ഉത്പാദനം തുടങ്ങുന്നു. 250നും 300നും ഇടയിലുള്ള താത്കാലിക ദിവസവേതന തൊഴിലാളികളും 135 സ്ഥിരം തൊഴിലാളികളുമായിരുന്നു ഫാക്ടറിയിൽ ഉണ്ടായിരുന്നത്. ഉത്പാദനം തുടങ്ങിയത് മുതൽ തന്നെ പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യങ്ങൾ വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രദേശത്തുള്ള കർഷകർക്ക് വിതരണം ചെയ്തിരുന്നു.

**2001 ജനുവരി:** കുടിവെള്ള പ്രശ്നം കാരണമാണ് പ്ലാച്ചിമടയിൽ നിന്നുമുള്ള കുട്ടികൾ സ്ഥിരമായി സ്കൂളിൽ നേരം വൈകിയെത്തുന്നതെന്ന് മനസ്സിലാക്കിയ വണ്ടിത്താവളം സ്കൂളിലെ അധ്യാപകൻ നരേന്ദ്രനാഥ് കമ്പനി പരിസരത്ത് ചെന്ന് അന്വേഷിക്കുകയും ഒരു പരിസ്ഥിതി സംഘടനയുടെ പാലക്കാട് വെച്ച് നടന്ന ജില്ലാ ശിൽപ്പശാലയിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യുന്നു.

**2001 മാർച്ച്:** കൊക്കക്കോള പ്ലാന്റ് പ്രവർത്തനം തുടങ്ങിയതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായുള്ള പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമട, വിജയനഗർ, വേലൂർ, മാധവൻ നായർ കോളനികളിലെയും പട്ടഞ്ചേരി പഞ്ചായത്തിലെ രാജീവ് നഗർ, തൊടിച്ചിപ്പതി കോളനികളിലെയും കുറഞ്ഞത് 750 കുടുംബങ്ങളെങ്കിലും ദുർഗന്ധമുള്ള, മലിനീകരിക്കപ്പെട്ട വെള്ളം കുടിക്കേണ്ടിവരുന്നതായും രൂക്ഷമായ ജലക്ഷാമം നേരിടുന്നതായും വെളിപ്പെടുത്തി ഇന്ത്യൻ നാഷണൽ ട്രസ്റ്റ് ഫോർ ആർട്ട്സ് ആന്റ് കൾച്ചറൽ ഹെറിറ്റേജ് (ഇൻടാക്) എന്ന സ്ഥാപനത്തിന് വേണ്ടി ഡോ. സതീഷ് ചന്ദ്രന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് പുറത്തുവരുന്നു.

**15 വർഷങ്ങൾ**

**2001 മാർച്ച്/ഏപ്രിൽ:** കൊക്കക്കോള പ്ലാന്റിന്റെ പ്രവർത്തനം കാരണം, സമീപമുള്ള കിണറുകളിലെ വെള്ളത്തിന് ദുർഗന്ധവും ദുസ്വാദും ഉണ്ടാവുകയും നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്ത സാഹചര്യത്തിൽ, ഫാക്ടറിക്ക് സമീപമുള്ള കോളനികളിലുള്ളവർക്ക് കമ്പനി ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നെല്ലിമേട് വാർഡ്മെമ്പർ വരദരാജന്റെ നേതൃത്വത്തിൽ പ്രദേശവാസികൾ സമരം ചെയ്യുന്നു. ചിറ്റൂർ മുൻ എം.എൽ.എ ആയിരുന്ന കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ കമ്പനി മാനേജ്മെന്റുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചുവെങ്കിലും വെള്ളം വിതരണം ചെയ്യപ്പെടുന്നില്ല.



**2001 ഒക്ടോബർ 22:** വിൽപ്പന നികുതി ഒഴിവാക്കണമെന്ന കമ്പനിയുടെ അപേക്ഷ സംസ്ഥാന വാണിജ്യ-വ്യവസായ ഡയറക്ടർ തള്ളുന്നു.

## 2002 ജനുവരി

കൊക്കക്കോളയുടെ ബോട്ട്ലിങ് പ്ലാന്റിൽ ജോലി അന്വേഷിച്ച് സമീപത്തെ കോളനികളിൽ താമസിക്കുന്നവർ കോൺട്രാക്ടർമാരെ സമീപിക്കുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നു. കൊക്കക്കോള പോലുള്ള കമ്പനികളിൽ നിന്ന് മലിനീകരണ പ്രശ്നം പ്രതീക്ഷിതമാണെന്നും കമ്പനി മാനേജർ നാട്ടുകാരോട് പറയുന്നു.

**2002 ഫെബ്രുവരി:** കൊക്കക്കോള ഫാക്ടറിയുടെ മലിനീകരണത്തിനെതിരെ ഫാക്ടറിക്ക് മുന്നിൽ ആദിവാസി സംരക്ഷണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സൂചനാ സമരം നടത്തി. കമ്പാലത്തറ ഡാമിൽ മീൻപിടിച്ചു കൊണ്ടിരുന്ന ആദിവാസി യുവാക്കളെ മർദ്ദിച്ചതിൽ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് മീനാക്ഷിപുരം പോലീസ് എയ്ഡ്പോസ്റ്റിലേക്ക് നടത്തിയ മാർച്ചിന്റെ ഭാഗമായിട്ടാണ് സൂചനാ സമരം നടത്തിയത്.

**2002 മാർച്ച് 4:** വിജയനഗർ കോളനിയിലെ രണ്ട് കിണറുകൾ മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്നും ഇവയിലെ വെള്ളം ഉപയോഗയോഗ്യമല്ലെന്നും ചെന്നൈയിലെ സർഗ്ഗം മെറ്റൽസ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ സ്ഥിരീകരിച്ചു.

**2002 മാർച്ച് 20:** ഫാക്ടറിയുടെ പ്രവർത്തനം കാരണമുണ്ടാകുന്ന മലിനീകരണം സംബന്ധിച്ച് ജില്ലാ കളക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, മുഖ്യമന്ത്രി തുടങ്ങിയവർക്ക് പ്രദേശ വാസികൾ പരാതി നൽകി.

**2002 ഏപ്രിൽ 2:** പ്ലാന്റിന്റെ പ്രവർത്തനം കാരണം പ്രദേശത്ത് മലിനീകരണ പ്രശ്നം ഉണ്ടായതായി പരാതിയുയർന്നിട്ടും 2004 ഡിസംബർ വരെ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയുടെ അനുമതി പുതുക്കി നൽകുന്നു.

**2002 ഏപ്രിൽ 22:** പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിക്ക് മുന്നിൽ കോള വിരുദ്ധ സമരം ആദിവാസി ഗോത്രമഹാസഭ നേതാവ് സി.കെ. ജാനു ഉദ്ഘാടനം ചെയ്തു. കൊക്കക്കോള കമ്പനി അടച്ചുപൂട്ടി പ്ലാച്ചിമട വിടുക, മലിനീകരണത്തിന് നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരം തുടങ്ങുന്നത്.

**2002 ഏപ്രിൽ 26:** കമ്പനിക്കെതിരെ സമരം തുടങ്ങിയ സാഹചര്യത്തിൽ സമരത്തിന്റെ നേതൃനിരയിലുള്ള പ്രവർത്തകർക്കെതിരെ കൊക്കക്കോള കമ്പനിയുടെ ജനറൽ മാനേജർ മോറിസ് വിൽസൺ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു.

**2002 മെയ് 2:** പെരുമാട്ടി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ വിവിധഭാഗങ്ങളിലെ കുഴൽകിണറുകളിൽ നിന്നും പ്ലാന്റ് പ്രവർത്തിക്കാനാവശ്യമായ വെള്ളം എത്തിക്കാൻ തുടങ്ങുന്നു. 12,000 ലിറ്റർ സംഭരണ ശേഷിയുള്ള 50 ടാങ്കർലോറികളിലായാണ് പ്രതിദിനം ഫാക്ടറിയിൽ വെള്ളം എത്തിക്കൊണ്ടിരുന്നത്.

**2002 മെയ് 26:** സമരസമിതി വിളിച്ചു ചേർത്ത സർവ്വകക്ഷിയോഗത്തിൽ സി.പി.ഐ ഒഴികെ മറ്റ് പ്രമുഖ പാർട്ടികൾ പങ്കെടുത്തില്ല.

**2002 ജൂൺ:** കൊക്കക്കോളയുടെ ബോട്ട്ലിങ് പ്ലാന്റ് പ്ലാച്ചിമടയിലെ ജനങ്ങൾക്കും പരിസ്ഥിതിക്കും വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതായും പ്ലാന്റ് പൂർണ്ണമായും അടച്ചുപൂട്ടണമെന്നും പൊല്യൂട്ടർ പെയ്സ് തത്വം പ്രകാരം കമ്പനി നഷ്ടപരിഹാരം നൽകണമെന്നും തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ജനനീതി' എന്ന സംഘടനയുടെ റിപ്പോർട്ട്.

**2002 ജൂൺ 7:** ഫാക്ടറിയുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമരസമിതിയുടെ നേതൃത്വത്തിൽ പെരുമാട്ടി പഞ്ചായത്ത് ഓഫീസിലേക്ക് മാർച്ച് നടത്തി. പഞ്ചായത്ത് ഓഫീസിലേക്ക് ചാണകാഭിഷേകം നടത്തിക്കൊണ്ടായിരുന്നു മാർച്ച്.

**2002 ജൂൺ 8:** പ്ലാച്ചിമടയിൽ തൊഴിൽ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പൊതു യോഗത്തിൽ സി.പി.എം, ബി.ജെ.പി, കോൺഗ്രസ്, ജനതാദൾ പ്രതിനിധികൾ പങ്കെടുക്കുകയും തൊഴിൽ സംരംഭമായ കോള ഫാക്ടറി എന്ത് വിലകൊടുത്തും സംരക്ഷിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു. ഫാക്ടറിയിൽ നിന്ന് രാസമാലിന്യം പുറന്തള്ളുന്നില്ലെന്നും, ഫാക്ടറിയുടെ പ്രവർത്തനം കാരണം ശുദ്ധജലത്തിൽ മാലിന്യം കലർന്നിട്ടില്ലെന്നുമായിരുന്നു പ്രതിനിധികളുടെ നിലപാട്.

**2002 ഓഗസ്ത് 1:** ഭൂഗർഭജലം സംരക്ഷിക്കുന്നതിനും അതിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുമായി രൂപീകരിച്ച കേരള ഭൂഗർ ജല നിയന്ത്രണ നിയമം, 2002, കേരള നിയമസഭ പാസ്സാക്കി.

15 വർഷങ്ങൾ

**2002 ഓഗസ്ത് 24:** പാലക്കാട് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ പ്ലാച്ചിമടയിലെത്തി കൊക്കക്കോള കമ്പനിക്കെതിരെയുള്ള

ആരോപണങ്ങളിൽ അന്വേഷണം നടത്തി. വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറ്റിലെ വെള്ളത്തിന് നിറമാറ്റവും രുചിമാറ്റവും ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ കമ്പനി ടാങ്കർലോറികളിൽ വെള്ളം വിതരണം ചെയ്യുന്നതിനാൽ കിണറുകൾ ഉപയോഗിക്കാതിരുന്നതാണ് ഇതിന് കാരണമെന്നും പ്ലാന്റിൽ നിന്ന് വിതരണം ചെയ്ത ഖരമാലിന്യം നല്ല വളമാണെന്നും അതിനാൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേകിച്ച് ഒരു കാരണവും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.



**2002 ഒക്ടോബർ 2:** കൊക്കക്കോള പ്ലാന്റിന്റെ പ്രദേശത്ത് ഭൂഗർഭജലചൂഷണം നടന്നിട്ടില്ലെന്നും പ്രദേശത്തെ കിണറുകളിലെ വെള്ളത്തിന്റെ ഗുണമേന്മ താഴ്ന്നതിൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് ബന്ധമില്ലെന്നും ഹൈദരാബാദിലെ നാഷണൽ ജിയോഫിസിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞനായ ആർ.എൻ. അത്താവാലെയുടെ റിപ്പോർട്ട്. പ്ലാച്ചിമടയിൽ പ്ലാന്റിന്റെ ഭൂഗർഭജലോപയോഗം സംബന്ധിച്ച് പഠിക്കാൻ കമ്പനി ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഠനം നടന്നത്.

**2002 നവംബർ:** കൊക്കക്കോള പ്ലാന്റ് കാരണമാണ് പ്രദേശത്ത് മലിനീകരണം ഉണ്ടായതെന്ന് നിരീക്ഷിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സംസ്ഥാന ഭൂജലവകുപ്പ്.

**2002 നവംബർ 8:** ജലക്ഷാമം നേരിടുന്ന പ്ലാച്ചിമടയിൽ നിന്നും കൊക്കക്കോള പ്ലാന്റ് ഭൂഗർഭജലം വലിച്ചെടുക്കുന്നതിന് സർക്കാർ നിയന്ത്രണമോ നിരീക്ഷണമോ ഏർപ്പെടുത്തിയിട്ടില്ലെന്നും പ്ലാന്റ് പ്രവർത്തനം തുടങ്ങിയതിന് ശേഷം പ്രദേശത്തെ ഭൂഗർഭജലത്തിന്റെ അളവും ഗുണവും താഴ്ന്നതായും യുവജനവേദി അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട്. പുതുശ്ശേരിയിലെ പെപ്സി പ്ലാന്റും പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റും സൃഷ്ടിക്കുന്ന മലിനീകരണത്തെയും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളെയും കുറിച്ച് പഠിക്കുന്നതിനും പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനുമായി ഡോ.എ. അച്യുതന്റെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മീഷനെയാണ് യുവജനവേദി നിയോഗിച്ചത്.

**2003 ജനുവരി** 🗎**:** പ്ലാച്ചിമട കൊക്കക്കോള ഫാക്ടറിയിലെ ഭൂജല ഉപയോഗത്തെക്കുറിച്ച് ഭൂജലവകുപ്പിന്റെ റിപ്പോർട്ടിൽ, നിരീക്ഷിച്ച 20 കിണറുകളിൽ നാലെണ്ണത്തിൽ ജലനിരപ്പ് താഴ്ന്നതായും മൂന്നെണ്ണത്തിലെ വെള്ളത്തിന്റെ ഗുണമേന്മ മോശമായതായും ഭൂഗർഭജലവകുപ്പ് കണ്ടെത്തുന്നു. പ്ലാന്റ് പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് കമ്പനി മാനേജ്മെന്റ് ഭൂഗർഭജലവകുപ്പുമായി ബന്ധപ്പെട്ടിരുന്നില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

**2003 ജനുവരി 15:** പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റിന്റെ ഭൂഗർഭജല ചൂഷണം ഭാവിയിൽ കടുത്ത വരൾച്ചാ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് ജോർജ്. ജെ മാത്യുവിന്റെ നേതൃത്വത്തിലുള്ള നിയമസഭാ പരിസ്ഥിതി സമിതി പാലക്കാട് നടന്ന തെളിവെടുപ്പിൽ ആശങ്ക പ്രകടിപ്പിക്കുന്നു. പ്ലാന്റിന്റെ ഭൂഗർഭജല ചൂഷണത്തെക്കുറിച്ച് ഭൂഗർഭജല അതോറിറ്റിയോട് സമിതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നൽകാത്തത് നിരുത്തരവാദപരമാണെന്നും ജലചൂഷണം ഒഴികെ കമ്പനിക്കെതിരായുള്ള പരാതികളിൽ കഴമ്പില്ലെന്നും ഭൂഗർഭജലചൂഷണത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താൻ ദേശീയ തലത്തിലുള്ള ഏജൻസിയെ നിയോഗിക്കാൻ നിർദേശിക്കുമെന്നും സമിതി അറിയിച്ചു.

**2003 ജനുവരി 26:** ആഗോളവത്കരണത്തിനും വർഗ്ഗീയതക്കുമെതിരെ ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മേധാപട്കർ നയിച്ച അയോദ്ധ്യാ മാർച്ച് പ്ലാച്ചിമടയിൽ നിന്ന് തുടങ്ങുന്നു. ഇത് പ്ലാച്ചിമടയിലേക്ക് ദേശീയ ശ്രദ്ധ കൊണ്ടുവന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

**2003 ഫെബ്രുവരി 7:** പ്ലാന്റ് പ്രവർത്തിപ്പിക്കാതിരിക്കുകയാണ് ഇപ്പോൾ വേണ്ടതെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. കമ്പനിക്ക് കേരള ഭൂവിനിയോഗ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി കൊടുത്തിട്ടില്ലെന്നും കമ്പനിക്ക് ലൈസൻസ് നൽകിയതിൽ ഒരു പങ്കുമില്ലെന്നും റവന്യുവകുപ്പ് മന്ത്രിയായിരുന്ന കെ.ഇ. ഇസ്മായിൽ.

**2003 ഫെബ്രുവരി 10** 🗎**:** സംസ്ഥാന സർക്കാറിന്റെ വ്യാവസായിക നയം 2001 പ്രകാരം കൊക്കക്കോള കമ്പനിക്ക് 20 ലക്ഷത്തിന്റെ സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി അനുവദിച്ചതായി വ്യാവസായിക യൂണിറ്റ് ഡയറക്ടറേറ്റ് കമ്പനിയെ അറിയിച്ചു. സംസ്ഥാന സർക്കാറിന്റെ ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം പ്രകാരമാണ് സബ്സിഡി അനുവദിച്ചത്. (പെരുമാട്ടി പഞ്ചായത്ത് 2003 സെപ്തംബർ 18ന് അയച്ച കാരണം കാണിക്കൽ നോട്ടീസിന് കമ്പനി നൽകിയ മറുപടിയിലാണ് ഇക്കാര്യം പറയുന്നത്.)

**2003 മാർച്ച് 31:** കമ്പനിക്ക് പഞ്ചായത്ത് അനുവദിച്ച ലൈസൻസ് കാലാവധി തീരുന്നു.

**2003 ഏപ്രിൽ 7** 🗎**:** കൊക്കക്കോളയുടെ പ്ലാച്ചിമടയിലുള്ള ബോട്ട്ലിങ് പ്ലാന്റിന്റെ പ്രവർത്തനം പ്രദേശത്തെ ഭൂഗർഭജലവിതാനം ഗുരുതരമായി താഴുന്നതിനും കടുത്ത വരൾച്ചക്കും കാരണമാകുന്നുണ്ട് എന്നതിനാൽ പ്ലാന്റിന്റെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് പെരുമാട്ടി പഞ്ചായത്ത് തീരുമാനിക്കുന്നു.

**2003 ഏപ്രിൽ 9** 🗎**:** കൊക്കക്കോളയുടെ ബോട്ട്ലിങ് പ്ലാന്റ് പ്രദേശത്ത് വരൾച്ചക്ക് കാരണമാവുകയും അതിനെതിരെ കമ്പനിപ്പടിക്കൽ ആദിവാസികളുടെ സമരം ഒരു വർഷം പിന്നിടുകയും ചെയ്ത സാഹചര്യത്തിൽ ഭൂഗർഭജലത്തിന്റെ അമിതോപയോഗം തടയാനായി കമ്പനിക്ക് ലൈസൻസ് പുതുക്കി

15 വർഷങ്ങൾ



വര: പ്രജിൽ അമൻ

നൽകേണ്ടതില്ലെന്ന് തീരുമാനിച്ചതായും ലൈസൻസ് റദ്ദുചെയ്യാതിരിക്കാനുള്ള കാരണം 15 ദിവസത്തിനുള്ളിൽ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കണമെന്നും ആവശ്യപ്പെട്ട് പെരുമാട്ടി പഞ്ചായത്ത് സ്പെഷൽ ഗ്രേഡ് സെക്രട്ടറി കമ്പനിക്ക് നോട്ടീസ് അയച്ചു.

**2003 ഏപ്രിൽ 13:** ലൈസൻസ് പുതുക്കി നൽകാതിരുന്നിട്ടും പ്ലാന്റ് പ്രവർത്തിക്കുന്നതിന് എതിരെ നടപടി ആവശ്യപ്പെട്ട് സമരസമിതിയുടെ നേതൃത്വത്തിൽ പ്ലാന്റ് ഉപരോധിക്കുന്നു. ഉപരോധത്തിൽ പങ്കെടുത്തവരെ പോലീസ് ബലം പ്രയോഗിച്ച് മാറ്റി.

**2003 ഏപ്രിൽ 16:** പഞ്ചായത്തിന്റെ കാരണം കാണിക്കൽ നോട്ടീസിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുന്നു.

**2003 ഏപ്രിൽ 22:** പഞ്ചായത്ത് അയച്ച കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകാനും അത് പഞ്ചായത്ത് പരിഗണിക്കുന്നത് വരെ തത്സ്ഥിതി തുടരാനും ഹൈക്കോടതി ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്പനിയോട് നിർദേശിക്കുന്നു.

**2003 ഏപ്രിൽ 30:** പഞ്ചായത്ത് അനുവദിച്ച ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കമ്പനി ലംഘിച്ചിട്ടില്ലെന്നും പഞ്ചായത്തിന്റെ തീരുമാനം കമ്പനിക്ക് സ്വാഭാവിക നീതി നിഷേധിക്കുന്നതാണെന്നും അത് പഞ്ചായത്തിന്റെ അധികാരപരിധിക്ക് പുറത്താണെന്നും ശാസ്ത്രീയമായ അടിസ്ഥാനമില്ലാതെ നടക്കുന്ന സമരത്തിന്റെ പേരിൽ ലൈസൻസ് റദ്ദ് ചെയ്യാൻ കഴിയില്ലെന്നും കമ്പനിയുടെ ഭാഗം കേൾക്കാൻ തയ്യാറാകണമെന്നും ആവശ്യപ്പെട്ട് കമ്പനി പഞ്ചായത്തിന്റെ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകി.

**2003 മെയ് 13:** പ്ലാന്റിന്റെ പരിസരത്തുള്ള മൂന്ന് കിണറുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവയിലെ വെള്ളം കുടിക്കാൻ ഉപയോഗിക്കരുതെന്ന് പെരുമാട്ടി പ്രാഥമിക ആരോഗ്യ കേന്ദ്രം പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റിനെ അറിയിക്കുന്നു.

**2003 മെയ് 15:** കൊക്കക്കോള പ്ലാന്റ് അമിതമായി ജലചൂഷണം നടത്തുന്നതിന്റെ ഫലമായി സമീപപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ വറ്റിയതായും ലഭ്യമായ വെള്ളത്തിന്റെ ഗുണമേന്മ കുറഞ്ഞതായും അതിന്റെ ഫലമായി ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങളും കുടിവെള്ള ക്ഷാമവും രൂക്ഷമായതായും കമ്പനി വിശദീകരണമായി നൽകിയ തെളിവുകൾ വാസ്തവ വിരുദ്ധമാണെന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ ലൈസൻസ് റദ്ദുചെയ്തുകൊണ്ട് പെരുമാട്ടി പഞ്ചായത്ത് സ്പെഷൽ ഗ്രേഡ് സെക്രട്ടറി ഉത്തരവിറക്കി.

**2003 മെയ് 16:** പഞ്ചായത്തിന്റെ ഉത്തരവിനെതിരെ തദ്ദേശസ്വയംഭരണ വകുപ്പിനെ സമീപിക്കണമെന്ന് ഹൈക്കോടതി ജസ്റ്റിസ് കെ. തങ്കപ്പൻ കമ്പനിയോട് നിർദേശിച്ചു.

**2003 മെയ് 22:** ലൈസൻസ് റദ്ദുചെയ്തുകൊണ്ടുള്ള പഞ്ചായത്ത് ഉത്തരവിനെതിരെ കമ്പനി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തു.

**2003 ജൂൺ 5:** കോള ഉത്പന്നങ്ങളിൽ കീടനാശിനികളുടെ സാന്നിധ്യം അനുവദനീയ പരിധിയിലും അധികമാണെന്ന് ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ സയൻസ് ആന്റ് എൻവിയോൺമെന്റിന്റെ റിപ്പോർട്ട് പുറത്തുവരുന്നു.

**2003 ജൂൺ 12:** കമ്പനിയുടെ ലൈസൻസ് റദ്ദുചെയ്തുകൊണ്ടുള്ള പഞ്ചായത്തിന്റെ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേ

15 വർഷങ്ങൾ

ചെയ്യുന്നു.

**2003 ജൂലൈ 25:** പ്ലാന്റിൽ നിന്ന് പുറത്തേക്ക് വളമെന്ന പേരിൽ വിതരണം ചെയ്ത ഖരമാലിന്യത്തിൽ കാഡ്മിയത്തിന്റെയും ലെഡിന്റെയും അളവ് അനുവദനീയ പരിധിയിൽ അധികമാണെന്ന് ബിബിസി റിപ്പോർട്ട് ചെയ്യുന്നു. ബിബിസി റേഡിയോ ഫോറിന്റെ ഫേസ് ദി ഫാക്ട് പരിപാടിക്കായി റിപ്പോർട്ടർ ജോൺ വെയ്റ്റ് പ്ലാച്ചിമടയിൽ നിന്നും ശേഖരിച്ച ഖരമാലിന്യ സാമ്പിളുകളിലും കിണർവെള്ളസാമ്പിളുകളിലും ബ്രിട്ടനിലെ എക്സിറ്റർ യൂണിവേഴ്സിറ്റി ലബോറട്ടറി നടത്തിയ പരിശോധനയിലാണ് ഘനലോഹങ്ങളുടെ അളവ് പരിധിയിൽ അധികമുണ്ടെന്ന് കണ്ടെത്തിയത്.



**2003 ജൂലൈ 28:** ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് എന്നിവ അടങ്ങിയിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഇന്ദുലാലിന് നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി പി. ശങ്കരൻ അറിയിക്കുന്നു.

**2003 ഓഗസ്ത് 4:** അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ കൊക്കക്കോള പോലുള്ള വ്യവസായങ്ങൾക്ക് എതിര് നിൽക്കില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെർക്കുളം അബ്ദുള്ള നിയമസഭയിൽ.

**2003 ഓഗസ്ത് 7:** പ്ലാന്റിൽ നിന്നുള്ള ഖര മാലിന്യത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ 201.8 mg/kg കാഡ്മിയം കണ്ടെത്തുന്നു. ഇത് മാരക മാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള പരിധിക്ക് പുറത്തായതിനാൽ മാരകമാലിന്യമായി കണക്കാക്കേണ്ടുന്നതും വിതരണം ചെയ്യുന്നത് നിർത്തിവെക്കേണ്ടുന്നതുമാണെന്ന് പിസിബി മെമ്പർ സെക്രട്ടറി കമ്പനിക്ക് അയച്ച കത്തിൽ അറിയിച്ചു.

**2003 ഓഗസ്ത്:** പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യം സംബന്ധിച്ച മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനാ ഫലം ചെയർമാൻ പോൾ തച്ചിൽ മാദ്ധ്യമങ്ങളെ അറിയിക്കുന്നു.

**2003 ഓഗസ്ത് 19:** സമരം തുടങ്ങി 485 ദിവസങ്ങൾ പിന്നിട്ടിട്ടും സമരം സംബന്ധിച്ച നിലപാട് വ്യക്തമാക്കാത്ത ചിറ്റൂർ എം.എൽ.എ കെ. അച്യുതന്റെ വീട്ടിലേക്ക് കോളവിരുദ്ധ സമരസമിതിയുടെ നേതൃത്വത്തിൽ കുറ്റിച്ചൂലുമായി മാർച്ച് നടത്തുന്നു. അടുത്ത ദിവസം തന്നെ എം.എൽ.എ സമരപ്പന്തലിൽ എത്തി പിന്തുണ പ്രഖ്യാപിച്ചു.

**2003 ഓഗസ്ത് 22:** ശീതളപാനീയങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് അന്വേഷിക്കാൻ ശരത് പവാർ അധ്യക്ഷനായി സംയുക്ത പാർലമെന്ററി സമിതി രൂപീകരിക്കുന്നു.

**2003 സെപ്തംബർ 12:** കൊക്കക്കോളയുടെ ബോട്ട്ലിങ് പ്ലാന്റ് ഉടൻ അടച്ചുപൂട്ടി ബാധിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് പെരുമാട്ടി ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡ് ഗ്രാമസഭായോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

**2003 സെപ്തംബർ 13:** ഭൂജലവകുപ്പിന്റെ റിപ്പോർട്ട് കമ്പനിക്ക് അനകൂലമാണെന്നതിൽ പ്രതിഷേധിച്ച് സമരപ്രവർത്തകർ പാലക്കാട് ഭൂജലവകുപ്പ് ഓഫീസിലേക്ക് മാർച്ച് നടത്തുന്നു.

**2003 സെപ്തംബർ 14:** ഫാക്ടറി അടച്ചുപൂട്ടി മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കണമെന്ന് പ്ലാച്ചിമട ആദിവാസി ഊരുകൂട്ടം ആവശ്യപ്പെടുന്നു. ഊരുമൂപ്പൻ കണ്ണദാസൻ പ്രമേയം അവതരിപ്പിച്ചു.

**2003 സെപ്തംബർ:** പ്ലാച്ചിമടയിലെ കൊക്കക്കോള ബോട്ട്ലിങ് പ്ലാന്റിന് അകത്തും ചുറ്റുവട്ടത്തുമുള്ള ഭൂഗർ ജലത്തിന്റെ സ്ഥിതിയെക്കുറിച്ച് അന്വേഷിച്ച കേന്ദ്ര ഭൂഗർ ജല വകുപ്പിന്റെ പഠനറിപ്പോർട്ട് പുറത്തുവന്നു.

**2003 സെപ്തംബർ 18:** പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക എന്ന ചുമതല മുൻനിർത്തി പഞ്ചായത്ത് കമ്പനിക്ക് രണ്ടാമതും കാരണം കാണിക്കൽ നോട്ടീസ് അയക്കുന്നു. കുഴൽകിണറുകളിൽ നിന്ന് വെള്ളം വലിച്ചെടുക്കാനുള്ള മോട്ടോറിന് പഞ്ചായത്ത് അനുമതി നൽകിയിട്ടില്ലെന്നും കൃഷിഭൂമി നികത്തി പ്ലാന്റ് സ്ഥാപിച്ചത് 1967ലെ ഭൂവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണെന്നും നോട്ടീസിൽ പഞ്ചായത്ത് ചൂണ്ടിക്കാട്ടി. കമ്പനി തുടർന്ന് പ്രവർത്തിക്കുന്നത് പ്രദേശത്തുള്ളവരുടെ ആരോഗ്യത്തിനും സൗഖ്യത്തിനും അപകടകരമാണ്, അത് സംരക്ഷിക്കാനുള്ള ബാധ്യത പഞ്ചായത്തിന് ഉണ്ടെന്നും നോട്ടീസിൽ പറയുന്നു.

**2003 സെപ്തംബർ 29:** ആരോഗ്യ മന്ത്രിയുടെ നിർദേശാനുസരണം നടത്തിയ വിശദപഠനം സംബന്ധിച്ച് പി.സി.ബി മെമ്പർ സെക്രട്ടറി പത്രക്കുറിപ്പ് നൽകുന്നു– "കമ്പനിയുടെ പരിസരത്തുള്ള കിണറുകളിലെ വെള്ളവും ഖരമാലിന്യം വളമായി ഉപയോഗിച്ച ഭൂമിയും കാഡ്മിയം, ലെഡ് തുടങ്ങിയ ഘനലോഹങ്ങളാൽ മലിനീകരിക്കപ്പെട്ടിട്ടില്ല. മാരകമാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള അനുവദനീയ പരിധിക്ക് അകത്താണ് ഘനലോഹ സാന്നിധ്യം എന്നതിനാൽ കമ്പനിയിൽ നിന്നുള്ള ഖരമാലിന്യം മാരകമാലിന്യമായി കണക്കാക്കാൻ കഴിയില്ല. എന്നിരുന്നാലും വളമായി ഉപയോഗിക്കാവുന്നതല്ല. അതിനാൽ ഖരമാലിന്യം അതീവ ശ്രദ്ധയോടെ മാരകമാലിന്യ ചട്ടങ്ങൾ പ്രകാരം കൈകാര്യം ചെയ്യേണ്ടുന്നതാണ്."

**2003 ഒക്ടോബർ 6:** പഞ്ചായത്തിന്റെ കാരണം കാണിക്കൽ നോട്ടീസിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുന്നു.

**2003 ഒക്ടോബർ 8:** ഹൈക്കോടതിയുടെ നിർദേശ പ്രകാരം പഞ്ചായത്തിന്റെ രണ്ടാമത്തെ കാരണം കാണിക്കൽ നോട്ടീസിന് കമ്പനി മറുപടി നൽകുന്നു. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ മുൻപത്തെ നോട്ടീസിൽ പഞ്ചാ

15
വർഷങ്ങൾ




യത്ത് അറിയിച്ചിട്ടുള്ളതാണ് എന്നതിനാലും അവ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അന്തിമതീരുമാനം കാത്ത് കിടക്കുകയാണ് എന്നതിനാലും വിഷയം വീണ്ടും ഉന്നയിച്ച് അതിൽ കമ്പനിയുടെ മറുപടി ചോദിക്കാൻ പഞ്ചായത്തിന് അധികാരമില്ല. സംസ്ഥാന സർക്കാറിന്റെ വ്യവസായ നയത്തിന് ചേരാത്ത വിധമാണ് പഞ്ചായത്ത് നോട്ടീസ് അയച്ചിട്ടുള്ളതെന്നും ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്നും കമ്പനി മറുപടിയിൽ മുന്നറിയിപ്പ് നൽകി. പഞ്ചായത്തിന്റെ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത് പോലെ കമ്പനി ഒരു തരത്തിലുമുള്ള നിയമലംഘനവും നടത്തിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അന്തിമതീരുമാനം വരുന്നത് വരെ പഞ്ചായത്ത് കാത്തിരിക്കണമെന്നും കമ്പനി മറുപടി നൽകി.

**2003 ഒക്ടോബർ 13 :** കമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് മുമ്പ് പഞ്ചായത്ത് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ലാത്തിനാൽ ഭൂഗർഭജലവകുപ്പ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി കമ്പനിക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി പി. കമാൽക്കുട്ടി നിർദേശിക്കുന്നു. പഠനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വീണ്ടും തീരുമാനമെടുക്കണമെന്നും നിർദേശം.

**2003 ഒക്ടോബർ 29 :** തദ്ദേശ സ്വയംഭരണ വകുപ്പിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുന്നു.

**2003 ഒക്ടോബർ 31 :** വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറ്റിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് കണ്ടെത്തിയതിനാൽ തുടർന്നും കിണർവെള്ളം കുടിക്കാൻ ഉപയോഗിക്കരുതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പഞ്ചായത്തിനെ അറിയിക്കുന്നു.

**2003 നവംബർ :** പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയത്തിന്റെ സാന്നിധ്യം 338.8 mg/kg ആണെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ കണ്ടെത്തുന്നു. സംയുക്ത പാർലമെന്ററി സമിതിയുടെ നിർദേശ പ്രകാരമാണ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തിയത്.

**2003 നവംബർ 14:** പഞ്ചായത്തിന്റെ രണ്ടാമത്തെ കാരണം കാണിക്കൽ നോട്ടീസിനെതിരെ കമ്പനി നൽകിയ അപ്പീൽ തള്ളിക്കൊണ്ടും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ തീരുമാനത്തിനെതിരെ പഞ്ചായത്ത് നൽകിയ പെറ്റീഷനിൽ നോട്ടീസ് പുറപ്പെടുവിച്ചും ഹൈക്കോടതി ഉത്തരവ്.

**2003 നവംബർ 26:** നവംബർ 14ലെ ഹൈക്കോടതി ഉത്തരവിനെതിരെ കമ്പനി അപ്പീൽ സമർപ്പിച്ചു.

**2003 ഡിസംബർ 16 :** പബ്ലിക് ട്രസ്റ്റ് തത്വത്തിൽ ഊന്നിക്കൊണ്ട് ഹൈക്കോടതി സിംഗ്ൾ ബെഞ്ച് വിധി പുറപ്പെടുവിച്ചു. ഭൂഗർഭജലം പൊതുജനത്തിന് ഉള്ളതാണെന്നും കമ്പനിക്ക് അതിന്റെ വലിയൊരു പങ്ക് അവകാശപ്പെടാനാകില്ലെന്നും ഒരു സ്വകാര്യവ്യക്തിയെ ഇത്രയുമധികം ഭൂഗർഭജലം ഊറ്റിയെടുക്കാൻ അനുവദിക്കാൻ സർക്കാറിന് അധികാരമില്ലെന്നും വിഭവങ്ങളുടെ ട്രസ്റ്റി മാത്രമാണ് സർക്കാരെന്നും കോടതി നിരീക്ഷിച്ചു. കമ്പനി ഭൂഗർഭജലത്തെ ആശ്രയിക്കാതെ മറ്റ് ജലസ്രോതസ്സുകൾ ഒരു മാസത്തിനുള്ളിൽ കണ്ടെത്തുകയാണെങ്കിൽ പഞ്ചായത്ത് പ്ലാന്റിന്റെ ലൈസൻസ് പുതുക്കുകയും അടച്ചുപൂട്ടൽ ഉത്തരവ് നടപ്പിലാക്കാതിരിക്കുകയും വേണം എന്നായിരുന്നു ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ പഞ്ചായത്തിനോട് നിർദേശിച്ചത്.

**2003 ഡിസംബർ 16:** പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിൽ കമ്പനിക്ക് നിർദേശങ്ങൾ നൽകുന്നതിനായി ഇന്ത്യാ എൻവയോൺമെന്റ് കൗൺസിൽ രൂപീകരിക്കാൻ കമ്പനിയുടെ ഇന്ത്യ അഡ്വൈസറി ബോർഡിന്റെ ആദ്യ യോഗത്തിൽ തീരുമാനമായി. ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ് ബി.എൻ. കൃപാലിനെ കൗൺസിലിന്റെ അധ്യക്ഷനായി നിയോഗിച്ചു. മുൻ കാബിനറ്റ് സെക്രട്ടറി നരേഷ് ചന്ദ്രയുടെ നേതൃത്വത്തിൽ ചേർന്ന ബോർഡ് മീറ്റിങ്ങാണ് തീരുമാനമെടുത്തത്.

**2003 ഡിസംബർ 17:** സിംഗ്ൾ ബെഞ്ച് വിധിക്കെതിരെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ കമ്പനി അപ്പീൽ സമർപ്പിക്കുന്നു.

**2003 ഡിസംബർ 19:** അന്വേഷണത്തിന് വിദഗ്ധരെ നിയമിക്കാൻ പഞ്ചായത്തിനോട് നിർദേശിച്ച സർക്കാർ നടപടി പ്രഥമ ദൃഷ്ട്യാ ശരിയാണെന്ന് ഡിവിഷൻ ബെഞ്ച് നിരീക്ഷിക്കുകയും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് പ്ലാച്ചിമടയിലെ ഭൂഗർഭജല ലഭ്യത സംബന്ധിച്ച് അന്വേഷണ ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നു.

**2003 ഡിസംബർ 27:** പ്ലാച്ചിമട പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യത്തിൽ ഘനലോഹ സാന്നിധ്യം അനുവദനീയ പരിധിയിൽ താഴെ മാത്രമേയുള്ളൂവെന്ന് പഠനത്തിലൂടെ കണ്ടെത്തിയ മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഇന്ദുലാലിനെ യുവജനതാദൾ പ്രവർത്തകർ കോള കുപ്പികൾ അണിയിച്ച് പ്രതിഷേധിച്ചു.

**2003 ഡിസംബർ 29:** നിയമസഭാ സബ്ജക്ട് കമ്മിറ്റി തെളിവെടുപ്പ് തിരുവനന്തപുരത്ത് സംഘർഷാത്മകമായി.

## 2004 ജനുവരി 7

മാലിന്യ സംസ്കരണത്തിന് മതിയായ സൗകര്യങ്ങൾ ഇല്ലെന്ന് കാണിച്ച് മാരക മാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള അംഗീകാരത്തിനായി കമ്പനി നൽകിയ അപേക്ഷ പിസിബി തള്ളുന്നു.

**2004 ജനുവരി 17:** പട്ടഞ്ചേരി പഞ്ചായത്തി

15 വർഷങ്ങൾ

ലെ ഒമ്പതാം വാർഡിലെ ജലനിധി പദ്ധതിയിലേക്കുള്ള ഗുണഭോക്തൃ സമിതികളുടെ വിഹിതമായ 6,70,000 രൂപ കൊക്കക്കോള കമ്പനി അടച്ചു. പദ്ധതി തുടരണമെങ്കിൽ കൊക്കക്കോളയിൽ നിന്ന് കൈപ്പറ്റിയ പണം തിരിച്ചു നൽകണമെന്ന് ഗുണഭോക്തൃസമിതികൾക്ക് പ്രോജക്ട് മാനേജർ നോട്ടീസ് നൽകി.




**2004 ജനുവരി 18:** മുംബൈയിൽ വേൾഡ് സോഷ്യൽ ഫോറം. പ്ലാച്ചിമട, ശിവഗംഗ, കർണ്ണാടകയിലെ തുംഗൂർ, എന്നിവടങ്ങളിൽ കൊക്കക്കോള കമ്പനിക്കെതിരെ സമരം നടത്തുന്നവർ ചേർന്ന് കോളവിരുദ്ധ പ്രകടനം നടത്തി.

**2004 ജനുവരി 21 മുതൽ 23 വരെ:** പ്ലാച്ചിമടയിൽ ലോകജലസമ്മേളനം നടന്നു. 60നടുത്ത് വിദേശ പ്രതിനിധികൾ പ്ലാച്ചിമടയിൽ സമ്മേളനത്തിൽ പങ്കെടുക്കാനായെത്തി. കോർപ്പറേറ്റുകളാൽ ജലം സ്വകാര്യവത്കരിക്കപ്പെടുന്നതിന് എതിരെയുള്ളതും കൊക്കക്കോള, പെപ്സി കോളകൾ ഇന്ത്യവിടണമെന്ന് ആഹ്വാനം ചെയ്യുന്നതുമായ പ്രഖ്യാപനങ്ങൾ സമ്മേളനത്തിൽ ഉണ്ടായി.

**2004 ജനുവരി 29:** സിംഗിൾ ബെഞ്ച് വിധിക്കെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ അപ്പീൽ നൽകി.

**2004 ഫെബ്രുവരി 4:** ശീതളപാനീയങ്ങളിലെ കീടനാശിനി സാന്നിധ്യത്തെ സംബന്ധിച്ച് പഠിച്ച സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് പുറത്തിറങ്ങി. വ്യാവസായിക മാലിന്യം സംബന്ധിച്ച് അന്വേഷണം നടത്തുന്ന സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റിയുടെ പരിഗണനക്ക് പ്ലാച്ചിമടയിലെ മാലിന്യ പ്രശ്നം വിടാൻ സമിതി ശുപാർശ ചെയ്തു.

**2004 ഫെബ്രുവരി 6:** ജെ.പി.സി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോള കമ്പനികൾ അടച്ചുപൂട്ടാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിലുള്ള നിയമസഭാ മാർച്ച് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

**2004 ഫെബ്രുവരി 17:** 5 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിന് കമ്പനി പെരുമാട്ടി പഞ്ചായത്തിൽ അപേക്ഷ നൽകി. പ്ലാച്ചിമടയിലെ കൊക്കക്കോള ബോട്ട്ലിങ് പ്ലാന്റിന്റെ പരിസരത്ത് രൂക്ഷമായ ഭൂഗർഭ ജലക്ഷാമമുണ്ടെന്ന പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടവപ്പാതി വരെ കമ്പനി അടച്ചിടാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിക്കുന്നു.

**2004 ഫെബ്രുവരി 21:** വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ഇടവപ്പാതി വരെ പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റ് അടച്ചിടണമെന്ന കേരള സർക്കാറിന്റെ ഉത്തരവ് പുറത്തിറങ്ങുന്നു.

**2004 ഫെബ്രുവരി 22:** പ്ലാച്ചിമടയിലെ കൊക്കക്കോളയുടെ പ്ലാന്റും പുതുശ്ശേരിയിലെ പെപ്സിയുടെ പ്ലാന്റും അടച്ചുപൂട്ടണമെന്ന് പാലക്കാട് ജില്ലാ കളക്ടർ സഞ്ജീവ് കൗശികിന്റെ അധ്യക്ഷതയിൽ കൂടിയ ജില്ലാ വികസന സമിതി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

**2004 ഫെബ്രുവരി 23:** പ്ലാന്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം സംസ്കരിക്കാൻ തൃപ്തികരമായ സംവിധാനം ഒരുക്കാത്തതിനാൽ മാരകമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങൾ പ്രകാരമുള്ള അംഗീകാരം മലിനീകരണ നിയന്ത്രണ ബോർഡ് ഒരിക്കൽക്കൂടി നിഷേധിച്ചു.

**2004 ഫെബ്രുവരി 26:** ഇടവപ്പാതി വരെ പ്ലാച്ചിമടയിലെ പ്ലാന്റ് അടച്ചിടണമെന്ന സർക്കാർ ഉത്തരവിനെതിരെ കമ്പനി ഹൈക്കോടതിയിൽ റിട്ട് അപ്പീൽ സമർപ്പിച്ചു. ഇടവപ്പാതി വരെ പ്ലാന്റ് അടച്ചിടാനുള്ള തീരുമാനം കമ്പനി നടപ്പിലാക്കിയതുമില്ല.

**2004 ഫെബ്രുവരി 27:** കമ്പനിയുടെ ഭൂഗർഭജല ഉപയോഗം നിരോധിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് പഞ്ചായത്ത് പ്രസിഡന്റ് കത്തയച്ചു.

**2004 മാർച്ച്:** കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ അടക്കമുള്ള, രാജ്യത്തെ 151 ബ്ലോക്കുകൾ അമിത ചൂഷിത മേഖലയായി കേന്ദ്ര-സംസ്ഥാന ഭൂഗർഭജല അതോറിറ്റികൾ സംയുക്തമായി പ്രഖ്യാപിക്കുന്നു.

**2004 മാർച്ച് 6:** സർക്കാർ നിർദേശം മറികടന്ന് കോള ഉത്പാദനത്തിനായി സ്വകാര്യവ്യക്തികളുടെ കിണറുകളിൽ നിന്ന് ശേഖരിച്ച വെള്ളം കൊണ്ടുപോവുകയായിരുന്ന 3 ടാങ്കർ ലോറികളെ സമര പ്രവർത്തകർ പിടിച്ചെടുക്കുകയും പ്രദേശത്തെ വരണ്ട കൃഷിഭൂമികളിലേക്ക് തുറന്നുവിടുകയും ചെയ്തു.

**2004 മാർച്ച് 8:** ജസ്റ്റിസ് സിറിയക് ജോസഫ്, ജസ്റ്റിസ് പത്മനാഭൻ നായർ എന്നിവർ അടങ്ങുന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്ലാന്റ് അടച്ചിടാനുള്ള സർക്കാർ ഉത്തരവ് ശരിവെച്ചു.

**2004 മാർച്ച് 9:** സർക്കാർ ഉത്തരവ് അനുസരിച്ച് പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റ് ഉത്പാദനം നിർത്തിവെച്ചു.

**2004 മാർച്ച് 11:** പഞ്ചായത്തിന് പുറത്തുനിന്ന് വെള്ളം ശേഖരിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കാനും മാരകമായ മാലിന്യങ്ങൾ പുറന്തള്ളുന്നത് തടയാനും ഉത്പന്നങ്ങൾ വിഷവിമുക്തമാണെന്ന് പഞ്ചായത്തിനെ ബോധ്യപ്പെടുത്താനും കമ്പനി തയ്യാറാണെങ്കിൽ ലൈസൻസ് പുതുക്കുന്ന കാര്യം പരിഗണിക്കാമെന്ന് പെരുമാട്ടി പഞ്ചായത്ത് കമ്പനിയെ അറിയിച്ചു.

**2004 മാർച്ച് 30:** പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഉത്തരവിറക്കി.

**2004 ഏപ്രിൽ 1:** പഞ്ചായത്തിന്റെ അടച്ചുപൂട്ടൽ ഉത്തരവ് സർക്കാർ സ്റ്റേ ചെയ്യുന്നു.

15 വർഷങ്ങൾ

**2004 ഏപ്രിൽ 6:** പ്ലാന്റ് അടച്ചുപൂട്ടണമെന്ന പഞ്ചായത്ത് ഉത്തരവ് സ്റ്റേ ചെയ്ത സർക്കാർ തീരുമാനത്തിനെതിരെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ പഞ്ചായത്ത് പെറ്റീഷൻ സമർപ്പിക്കുന്നു.




**2004 മെയ് 19:** കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദേശപ്രകാരമുള്ള ലാന്റ്ഫിൽ സ്ഥാപിക്കണമെന്ന് പി.സി.ബി മെമ്പർ സെക്രട്ടറി കമ്പനിയോട് നിർദേശിച്ചു.

**2004 ജൂൺ 24:** കോളകളിലെ കീടനാശിനി സാന്നിധ്യം സംബന്ധിച്ച് പഠനം നടത്തിയ സംയുക്ത പാർലമെന്ററി സമിതിയുടെ റിപ്പോർട്ട് അശാസ്ത്രീയമാണെന്ന് അഭിപ്രായപ്പെട്ട് കോളകമ്പനികൾക്കെതിരെ നടപടികൾ എടുക്കുന്നത് കേന്ദ്ര ആരോഗ്യ മന്ത്രാലയം ഒരു വർഷത്തേക്ക് നീട്ടുന്നു.

**2004 ഓഗസ്ത്:** വ്യാവസായിക മാലിന്യം സംബന്ധിച്ച് അന്വേഷണം നടത്താൻ നിയോഗിക്കപ്പെട്ട സുപ്രീം കോടതി മോണിറ്ററിങ് സമിതി പ്ലാച്ചിമട സന്ദർശിക്കുകയും, പ്രശ്ന ബാധിതരായവർക്ക് കമ്പനി നേരിട്ട് കുടിവെള്ളം എത്തിക്കണമെന്നും, പാഴ്ജല സംസ്കരണത്തിനായി റിവേഴ്സ് ഓസ്മോസിസ് സംവിധാനം ഏർപ്പെടുത്തണമെന്നും നിർദേശിക്കുകയും ചെയ്യുന്നു.

**2004 ഓഗസ്ത് 23:** മാരകമാലിന്യ ചട്ടങ്ങൾ പാലിക്കുന്നത് വരേക്കും പ്ലാന്റ് അടച്ചിടാൻ പിസിബി നിർദേശിച്ചു. സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റിയുടെ നിർദേശങ്ങൾ പാലിച്ച് പ്രദേശത്തുള്ളവർക്ക് കുടിവെള്ളം വിതരണം ചെയ്യാനും കമ്പനിയോട് പിസിബി നിർദേശിക്കുന്നു.

**2004 സെപ്തംബർ 7:** സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റി നിർദേശപ്രകാരം പാഴ്ജല സംസ്കരണത്തിന് റിവേഴ്സ് ഓസ്മോസിസ് സംവിധാനം ഏർപ്പെടുത്തണമെന്ന് കമ്പനിയോട് പിസിബി നിർദേശിക്കുന്നു.

**2004 സെപ്തംബർ 14:** സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റി നിർദേശപ്രകാരം കൊക്കക്കോള പ്ലാന്റിന്റെ പ്രവർത്തനം കാരണം ബാധിതരായ കുടുംബങ്ങളെ കണ്ടെത്താനും, അവർക്ക് കമ്പനിയിൽ നിന്ന് ജലവിതരണം ലഭ്യമാക്കാനുമായി പ്രാദേശിക പരിസ്ഥിതി സംരക്ഷണ സമിതി രൂപീകരിച്ചുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിറക്കുന്നു.

**2004 ഒക്ടോബർ 14:** പ്ലാന്റിലെ പാഴ്ജല സംസ്കരണ പ്ലാന്റിൽ നിന്ന് പ്രതിവർഷം പുറന്തള്ളുന്ന ഖരമാലിന്യം 50 ടൺ ആണെന്നും ജലസംസ്കരണ പ്ലാന്റിൽ നിന്ന് പുറന്തള്ളുന്ന ഖരമാലിന്യം 80 ടൺ ആണെന്നും പിസിബി റിപ്പോർട്ട്. മാരകമാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള അംഗീകാരത്തിനായുള്ള കമ്പനിയുടെ അപേക്ഷയിൽ പിസിബി നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിലാണ് പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2004 നവംബർ 6:** പ്ലാന്റിന് സംരക്ഷണം ഏർപ്പെടുത്തിയ വകയിൽ കൊക്കക്കോള കമ്പനി 37 ലക്ഷം രൂപ



വര: പ്രജിൽ അമൻ

കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് കമ്പനിക്ക് കാവൽ നിന്നിരുന്ന 10 പോലീസുകാരെ സർക്കാർ പിൻവലിക്കുന്നു.




**2004 നവംബർ 14:** പെരുമാട്ടി പഞ്ചായത്തിലെ 8,9 വാർഡുകളിൽപ്പെട്ട 341 കുടുംബങ്ങൾക്ക് കൊക്കക്കോള കമ്പനി പൈപ്പു വഴി യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ കമ്പനിക്ക് രേഖാമൂലം ഉത്തരവ് നൽകി. പ്രാദേശിക പരിസ്ഥിതി സംരക്ഷണ സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവ്.

**2004 ഡിസംബർ 17:** 341 കുടുംബങ്ങൾക്ക് പൈപ്പുവഴി കുടിവെള്ളം വിതരണം ചെയ്യാൻ തയ്യാറാകുന്നത് വരെ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ അനുവദിക്കരുതെന്ന് മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയ നിർദേശം പുനപരിശോധിക്കണമെന്ന് സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റിയോട് കമ്പനി ആവശ്യപ്പെട്ടു.

## 2005 ഫെബ്രുവരി 9

കോടതി ഉത്തരവ് പ്രകാരം സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് ഉദ്യോഗസ്ഥർ പ്ലാച്ചിമടയിൽ എത്തി പോലീസിന്റെ സംരക്ഷണയിൽ ജലപരിശോധന നടത്തി. പ്ലാച്ചിമടയിലെ കിണറുകളിൽ ജലപരിശോധന നടത്താനുള്ള ശ്രമങ്ങൾ കർഷക സംരക്ഷണ സമിതി തടസ്സപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലാണ് പോലീസിന്റെ സഹായത്തോടെ പരിശോധന നടത്തിയത്.

**2005 ഫെബ്രുവരി 11:** സി.ഡബ്ല്യൂ.ആർ.ഡി.എം പ്ലാച്ചിമട പ്രദേശത്തെ ഭൂഗർഭജലത്തിന്റെ ലഭ്യതയും ആവശ്യവും സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ പൂർണ്ണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. പ്ലാന്റിന്റെ ആവശ്യത്തിന് ദിനംപ്രതി അഞ്ച് ലക്ഷം വരെ ഭൂഗർ ജലം വലിച്ചെടുക്കാൻ അനുവദിക്കാവുന്നതാണെന്ന് റിപ്പോർട്ട് നിർദേശിക്കുന്നു.

**2005 മാർച്ച് 11:** കൊക്കക്കോള പ്ലാന്റ് അടച്ചുപൂട്ടാനുള്ള സർക്കാർ തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്യാതിരുന്നതിൽ വ്യക്തിപരമായി വിയോജിപ്പ് ഉണ്ടെന്ന് കമ്പനിയുടെ ഇന്ത്യാ എൻവയോൺമെന്റ് കൗൺസിൽ അധ്യക്ഷനും ഇന്ത്യയുടെ മുൻചീഫ് ജസ്റ്റിസുമായ ബി. എൻ. കൃപാൽ പ്രതികരിക്കുന്നു.

**2005 മാർച്ച് 29:** പ്ലാന്റ് അടച്ചുപൂട്ടിയാൽ മാത്രം പോര ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകി അടച്ചുപൂട്ടുന്നത് വരെ സമരം തുടരുമെന്ന് സമരപ്രവർത്തകർ. കമ്പനി തുറന്നുപ്രവർത്തിപ്പിക്കാൻ അനുമതി നൽകണമെന്ന് മാനേജ്മെന്റ് ഹൈക്കോടതിയെ സമീപിച്ചു.

**2005 ഏപ്രിൽ 1:** ഹൈക്കോടതിയുടെ നിർദേശ പ്രകാരം സി.ഡബ്ല്യൂ.ആർ.ഡി.എം പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ കമ്പനിയോടുള്ള പക്ഷപാതിത്വവും അശാസ്ത്രീയതയും ചൂണ്ടിക്കാട്ടി ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എസ്.ഇ തയ്യാറാക്കിയ റിപ്പോർട്ട് പെരുമാട്ടി പഞ്ചായത്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നു.

**2005 ഏപ്രിൽ 1:** സി.ഡബ്ല്യൂ.ആർ.ഡി.എം റിപ്പോർട്ടിനെതിരെ പാലക്കാട് ഭൂഗർ ജലവകുപ്പ് ജിയോളജിക്കൽ അസിസ്റ്റന്റ് ഹൈക്കോടതിയിൽ അഫിഡാവിറ്റ് ഫയൽ ചെയ്തു

**2005 ഏപ്രിൽ 7:** ശരാശരി മഴ ലഭ്യമായ വർഷങ്ങളിൽ ദിനംപ്രതി അഞ്ച് ലക്ഷം ലിറ്റർ വരെ ഭൂഗർ ജലം പ്ലാന്റിന്റെ ഉത്പാദനാവശ്യങ്ങൾക്കായി വലിച്ചെടുക്കാമെന്ന വിദഗ്ധ സമിതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പെരുമാട്ടി പഞ്ചായത്ത് കമ്പനിയുടെ ലൈസൻസ് പുതുക്കി നൽകണമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി. ഒരു സ്ഥലമുടമയെ ഭൂമിക്കടിയിലെ വെള്ളമെടുക്കുന്നതിൽ നിന്നും വിലക്കാനാകില്ലെന്നും, ശാസ്ത്രീയമായ നിഗമനങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ കമ്പനിയുടെ ലൈസൻസ് പുതുക്കില്ലെന്ന് തീരുമാനിച്ച പഞ്ചായത്ത് നടപടി നീതീകരിക്കാനാകില്ലെന്നും ജസ്റ്റിസ് എം. രാമചന്ദ്രനും ജസ്റ്റിസ് കെ. ബാലചന്ദ്രനും അടങ്ങിയ ഡിവിഷൻ ബെഞ്ച് വിധിച്ചു.

**2005 ഏപ്രിൽ 12:** ഡിവിഷൻ ബെഞ്ച് വിധി സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് അഫിഡാവിറ്റ് ഫയൽ ചെയ്യുന്നു.

**2005 ഏപ്രിൽ 13:** 5 വർഷത്തേക്ക് ലൈസൻസ് പുതുക്കാൻ കമ്പനി പഞ്ചായത്തിൽ അപേക്ഷ നൽകുന്നു.

**2005 ഏപ്രിൽ 26:** ലൈസൻസ് പുതുക്കാനുള്ള കമ്പനിയുടെ അപേക്ഷ പഞ്ചായത്ത് തള്ളുന്നു.

**2005 മെയ് 7:** ആവശ്യമായ വിവരങ്ങൾ മുഴുവൻ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് പുതുക്കുന്നതിനായി കമ്പനി നൽകിയ അപേക്ഷ പൂർണ്ണമല്ലെന്ന് പഞ്ചായത്ത് കമ്പനിയെ അറിയിക്കുന്നു.

**2005 മെയ് 7:** വാട്ടർ ആക്ട് പ്രകാരം ഡീംഡ് ലൈസൻസ് ഉണ്ടെന്ന കമ്പനിയുടെ വാദം ശരിയല്ലെന്നും, ലൈസൻസിനായുള്ള അപേക്ഷ പൂർണ്ണമല്ലെന്നും പിസിബി കമ്പനിയെ അറിയിക്കുന്നു.

**2005 മെയ്:** പഞ്ചായത്ത് കോടതി നിർദേശം അനുസരിക്കുന്നില്ലെന്ന് കാണിച്ച് കമ്പനി കോടതിയെ സമീപിക്കുന്നു, ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടാണ് കമ്പനി അപ്പീൽ സമർപ്പിച്ചത്.

**2005 ജൂൺ 1:** പഞ്ചായത്ത് ഒരാഴ്ചക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകിയില്ലെങ്കിൽ രണ്ട് വർഷത്തേക്ക് കമ്പനിക്ക് ഡീംഡ് ലൈസൻസ് കിട്ടുമെന്ന് ഹൈക്കോടതി വിധി. ജസ്റ്റിസ് എം. രാമചന്ദ്രൻ, കെ. ബാലചന്ദ്രൻ.

15 വർഷങ്ങൾ

**2005 ജൂൺ 3:** ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കാൻ കമ്പനി പഞ്ചായത്തിന് അപേക്ഷ നൽകുന്നു.

**2005 ജൂൺ 6:** 13 ഉപാധികളോടെ പഞ്ചായത്ത് മൂന്ന് മാസത്തേക്ക് കമ്പനിക്ക് ലൈസൻസ് അനുവദിക്കുന്നു.



**2005 ജൂലൈ 1:** കൊക്കക്കോള പ്ലാന്റിൽ റിവേഴ്സ് ഓസ്മോസിസ് സംവിധാനം ഏർപ്പെടുത്താത്തതിനാലും ലൈസൻസ് പുതുക്കാനുള്ള അപേക്ഷ പൂർണ്ണമല്ലാത്തതിനാലും കമ്പനിക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസ് അയക്കുന്നു.

**2005 ജൂലൈ 7:** പ്ലാച്ചിമടയിൽ ജലമലിനീകരണത്തിന് കാരണമായ കൊക്കക്കോള കമ്പനിക്കെതിരെ വാട്ടർ ആക്ടിന്റെ 24ാം വകുപ്പ് പ്രകാരം കോടതിയിൽ പരാതി നൽകാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചുകൊണ്ട് ചിറ്റൂർ നെല്ലിമേടിലെ ഗോകുൽ പ്രസാദ് എന്ന വ്യക്തി മലിനീകരണ നിയന്ത്രണ ബോർഡിന് നോട്ടീസ് അയക്കുന്നു.

**2005 ജൂലൈ 22:** പ്ലാച്ചിമടയിലെ ജലമലിനീകരണം സംബന്ധിച്ച് തന്റെ കൈയ്യിൽ കമ്പനിക്കെതിരെ ശക്തമായ തെളിവുണ്ടെന്ന് ഗോകുൽ പ്രസാദ് മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിക്കുന്നു.

**2005 ഓഗസ്ത് 8:** കമ്പനി ട്രയൽ റൺ നടത്തിയതായി പത്രറിപ്പോർട്ട്. ഏതാനും ദിവസങ്ങൾക്കകം പ്രവർത്തനം തുടങ്ങുമെന്ന് കമ്പനി മാനേജ്മെന്റ് മാദ്ധ്യമങ്ങളെ അറിയിച്ചു.

**2005 ഓഗസ്ത് 19:** ബോർഡ് കൃത്യമായി ആവശ്യപ്പെട്ടിട്ടും ഖരമാലിന്യത്തിൽ കാഡ്മിയം കണ്ടെത്തിയതിന്റെ സ്രോതസ്സ് വെളിപ്പെടുത്താൻ കമ്പനി തയ്യാറായിട്ടില്ലെന്നും പ്ലാന്റിൽ നിന്നുള്ള പാഴ്ജലവും ഖരമാലിന്യവും കാരണം പ്രദേശത്തെ ഭൂഗർഭജല സ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്നതിന് ബോർഡിന്റെ കൈയ്യിൽ തെളിവുണ്ടെന്നും കാണിച്ച് വാട്ടർ ആക്ടിന്റെ 25(4), 27(2), 33എ, എന്നീ വകുപ്പുകൾ പ്രകാരം പിസിബി കമ്പനിക്ക് പ്രവർത്തനാനുമതി നിഷേധിക്കുന്നു.

**2005 ഒക്ടോബർ 2:** പഞ്ചായത്തിനെതിരെയുള്ള കേസിൽ അനുകൂലവിധി സമ്പാദിക്കുന്നതിനായി കൊക്കക്കോള കമ്പനി ഹൈക്കോടതി ജഡ്ജിമാരെ സ്വാധീനിക്കുന്നുവെന്ന് ആരോപിച്ച് പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റായിരുന്ന എ. കൃഷ്ണൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മുമ്പാകെ പരാതി ഫയൽ ചെയ്തു.

**2005 ഒക്ടോബർ 9:** ജൂൺ ഒന്നിലെ ഹൈക്കോടതി വിധി പ്രകാരം കമ്പനിയുടെ പ്ലാന്റ് പ്രവർത്തിക്കാൻ ഡീംഡ് ലൈസൻസ് ഉണ്ടെന്ന് കോടതി വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് കമ്പനി നൽകിയ അപ്പീലിൽ പിസിബി മെമ്പർ സെക്രട്ടറി കൗണ്ടർ അഫിഡാവിറ്റ് ഫയൽ ചെയ്തു.

**2005 ഒക്ടോബർ 13:** ചിറ്റൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഗോകുൽ പ്രസാദ് വാട്ടർ ആക്ട് പ്രകാരം കമ്പനിക്കെതിരെ പരാതി ഫയൽ ചെയ്തു.

**2005 നവംബർ 16:** ലൈസൻസിനായുള്ള കമ്പനിയുടെ അപേക്ഷ പഞ്ചായത്ത് തള്ളിയതിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും കമ്പനി അപേക്ഷിക്കുന്ന പക്ഷം പഞ്ചായത്ത് വീണ്ടും ലൈസൻസ് പുതുക്കി നൽകണമെന്ന് ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**2005 നവംബർ 19:** കേരള ഭൂഗർഭജല നിയന്ത്രണ നിയമം പ്രകാരം ചിറ്റൂർ ബ്ലോക്കിനെ നോട്ടിഫൈഡ് ഏരിയയായി ജലവിഭവകുപ്പ് പ്രഖ്യാപിക്കുന്നു.

**2005 നവംബർ 28:** സംസ്ഥാന സർക്കാരും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രവുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്ലാച്ചിമടയെ വ്യാവസായിക മേഖലയായി പ്രഖ്യാപിക്കുന്ന പക്ഷം അവിടെ തുടർന്ന് പ്രവർത്തിക്കാനോ അല്ലെങ്കിൽ മറ്റൊരു സ്ഥലത്തേക്ക് മാറി പ്രവർത്തിക്കുന്നതിനോ കമ്പനി തയ്യാറാണെന്ന് വ്യവസായ മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞിനെ കമ്പനി അറിയിക്കുന്നു. കമ്പനിക്ക് ലഭിച്ചുകൊണ്ടിരുന്ന വിൽപ്പന നികുതി ഇളവുകൾ മറ്റൊരു സ്ഥലത്ത് മാറി പ്രവർത്തിക്കുകയാണെങ്കിലും തുടരണമെന്നും കമ്പനി ആവശ്യപ്പെട്ടു.

**2005 ഡിസംബർ 7:** കമ്പനി അപേക്ഷിക്കുന്ന പക്ഷം ലൈസൻസ് അനുവദിക്കാൻ പഞ്ചായത്ത് തയ്യാറാകണമെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിയുടെ അടിസ്ഥാനത്തിൽ കമ്പനി ലൈസൻസിനായി പുതിയ അപേക്ഷ നൽകി.

**2005 ഡിസംബർ 9:** നവംബർ 16ലെ ഹൈക്കോടതി വിധിക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് സുപ്രീം കോടതിയിൽ പ്രത്യേക അനുമതി ഹർജി സമർപ്പിച്ചു.

**2005 ഡിസംബർ 20:** പെരുമാട്ടി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ ഫെബ്രുവരി മുതൽ ജൂൺ പകുതിവരെയുള്ള മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നതിനാൽ തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ പൊതു- സ്വകാര്യ ഉടമസ്ഥതയിലുള്ള എല്ലാ ജലസ്രോതസ്സുകളും, ഭൂഗർഭജലം ഉൾപ്പെടെ, കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കും കൃഷിക്കും വേണ്ടി മാത്രം ഉപയോഗിക്കണമെന്ന് പഞ്ചായത്ത് ഭരണസമിതിയോഗം തീരുമാനിക്കുന്നു.

## 2006 ജനുവരി 3

കൊക്കക്കോള കമ്പനിയെ പ്രവർത്തിക്കാൻ അനുവദിക്കുന്നതിനായി പ്ലാച്ചിമടയെ വ്യാവസായിക മേഖലയായി നോട്ടിഫൈ ചെയ്യുന്നതിലുള്ള എതിർപ്പ് പെരുമാട്ടി പഞ്ചായത്ത് വ്യവസായ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറിയെ അറിയിക്കുന്നു. ഫാക്ടറി മാറ്റി സ്ഥാപിക്കുന്നതിൽ തങ്ങൾക്ക് എതിർപ്പില്ലെന്നും

15 വർഷങ്ങൾ

എന്നാൽ പഞ്ചായത്തിനകത്ത് തുടരുകയാണെങ്കിൽ ഭൂഗർഭജലം എടുക്കാൻ അനുവദിക്കില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.



**2006 ജനുവരി 4 :** പബ്ലിക് ട്രസ്റ്റ് ഡോക്ട്രിനിൽ ഊന്നിക്കൊണ്ടും 2005 ഡിസംബറിൽ പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കർശനമായ നിബന്ധനകളോടെ 3 മാസത്തേക്ക് ലൈസൻസ് പുതുക്കി നൽകാൻ പഞ്ചായത്ത് തീരുമാനിച്ചു. വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനായി പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭജലം ഉപയോഗിക്കാൻ കഴിയില്ല, നിർദേശിക്കുന്ന പ്രദേശങ്ങളിൽ ദിനംപ്രതി ഒരു ലക്ഷം ലിറ്റർ വെള്ളം ടാങ്കർലോറികളിലൂടെ വിതരണം ചെയ്യണം തുടങ്ങിയ നിബന്ധനകളാണ് പഞ്ചായത്ത് മുന്നോട്ട് വെച്ചത്.

**2006 ജനുവരി 5:** പുതുശ്ശേരി പഞ്ചായത്തിൽ കൊക്കക്കോള കമ്പനി പ്രവർത്തനം തുടങ്ങാൻ അനുവദിക്കില്ലെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് മാദ്ധ്യമങ്ങളെ അറിയിച്ചു. ഭൂഗർഭജലം ചൂഷണം ചെയ്യുന്ന പെപ്സി കമ്പനിയുടെ ലൈസൻസ് പഞ്ചായത്ത് റദ്ദാക്കിയിട്ടും സർക്കാർ സഹായത്തോടെ കമ്പനി പ്രവർത്തനം തുടരുകയാണെന്നും ഇതിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ കേസ് നടത്തുകയാണെന്നും പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

**2006 ജനുവരി 11 :** കർശന നിബന്ധനകളോടെ മൂന്ന് മാസത്തേക്ക് ലൈസൻസ് അനുവദിച്ച പഞ്ചായത്തിന്റെ നടപടി നിയമവിരുദ്ധവും കോടതിവിധിയുടെ ലംഘനവുമാണെന്ന് കാണിച്ച് കമ്പനി പഞ്ചായത്തിന് കത്തയച്ചു.

**2006 ജനുവരി 16 :** പഞ്ചായത്ത് നിവാസികളുടെ ആവശ്യങ്ങൾക്കനുസരിച്ചും താത്പര്യങ്ങൾ മുൻനിർത്തിയും ജലോപയോഗം നിയന്ത്രിക്കാനും നിരോധിക്കാനും പഞ്ചായത്തിന് അധികാരമുണ്ടെന്നും നിബന്ധനകൾ പാലിക്കാത്ത പക്ഷം ലൈസൻസ് അനുവദിക്കില്ലെന്നും പഞ്ചായത്ത് കമ്പനിക്ക് മറുപടി നൽകി.

**2006 ജനുവരി 16 :** പ്ലാച്ചിമട വ്യവസായ മേഖലയായി പ്രഖ്യാപിക്കാനോ, കോളപ്ലാന്റ് മറ്റെവിടെയേക്കെങ്കിലും മാറ്റി സ്ഥാപിക്കാനോ കൊക്കക്കോള മാനേജ്മെന്റ് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വ്യവസായ വകുപ്പ് ചർച്ച നടത്തിയതിൽ പ്രതിഷേധിച്ച് വ്യവസായ വകുപ്പ് സ്പെഷൽ സെക്രട്ടറി ടി. ബാലകൃഷ്ണന് കൊക്കക്കോള വിരുദ്ധ സമരസമിതിയും ഐക്യദാർഢ്യ സമിതിയും ചേർന്ന് കത്തയച്ചു.

**2006 ജനുവരി 20:** പ്ലാച്ചിമടയെ സംബന്ധിച്ച് സർക്കാർ വകുപ്പുകളും ഏജൻസികളും നടത്തിയിട്ടുള്ള പഠനങ്ങൾ ആഴത്തിൽ പുനപരിശോധിക്കണമെന്നും വിദഗ്ധ സംഘത്തെ നിയോഗിച്ച് പ്ലാച്ചിമടയിൽ കമ്പനി കാരണമുണ്ടായ നഷ്ടങ്ങൾ വിലയിരുത്തുകയും വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരസമിതി പ്രമേയം പാസ്സാക്കി.

**2006 മാർച്ച് 2:** കമ്പനി വീണ്ടും ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ നൽകി.

**2006 മാർച്ച് 15 :** സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റി നിർദേശത്തിന്റെ അടിസ്ഥാനത്തിലെ അടച്ചുപൂട്ടൽ ഉത്തരവിൽ ഇളവ് വരുത്താൻ തീരുമാനിച്ചതായി മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയെ അറിയിക്കുന്നു.

**2006 മാർച്ച് 31:** ജനുവരി 4ന് അനുവദിച്ച ലൈസൻസിലെ അതേ കർശന നിബന്ധനകളോടുകൂടി മൂന്ന് മാസത്തേക്ക് പഞ്ചായത്ത് വീണ്ടും ലൈസൻസ് അനുവദിക്കുന്നു.

**2006 ഏപ്രിൽ 9 :** അടച്ചുപൂട്ടൽ ഉത്തരവിൽ ഇളവ് നൽകിയതിൽ സന്തോഷവും നന്ദിയും അറിയിച്ചുകൊണ്ട് കമ്പനി മലിനീകരണ നിയന്ത്രണ ബോർഡിന് മറുപടി നൽകുന്നു.

**2006 മെയ് 26 :** സമരം അവസാനിപ്പിക്കാൻ അടിയന്തര നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കോള വിരുദ്ധ സമര സമിതി ജനറൽ കൺവീനർ വേലൂർ സ്വാമിനാഥൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് നിവേദനം നൽകുന്നു.

**2006 മെയ് :** പ്ലാച്ചിമടയെക്കുറിച്ച് കേരള ഭൂഗർഭജല വകുപ്പിന്റെ റിപ്പോർട്ട്. പ്ലാന്റിന്റെ പരിസരത്തുള്ള കിണറുകളിലെ കുടിവെള്ള മലിനീകരണം പ്ലാന്റിൽ നിന്നുള്ള മലിനജലം കാരണമാണെന്നും കമ്പനിയുടെ ജലോപയോഗം കാരണം പ്രദേശത്ത് ജലനിരപ്പ് താഴുന്നുവെന്നുമാണ് റിപ്പോർട്ടിൽ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്.

**2006 ജൂൺ 2:** ലൈസൻസ് പുതുക്കാനുള്ള അപേക്ഷ കമ്പനി നൽകുന്ന പക്ഷം പഞ്ചായത്ത് ലൈസൻസ് അനുവദിക്കേണ്ടതാണെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊക്കക്കോള കമ്പനി വീണ്ടും ലൈസൻസിനായുള്ള അപേക്ഷ നൽകുന്നു.

**2006 ജൂൺ 14:** പ്ലാച്ചിമട പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രസ്താവിക്കുന്നു.

**2006 ജൂൺ 30:** ജനുവരിയിലും മാർച്ചിലും ലൈസൻസ് അനുവദിച്ച അതേ കർശന നിബന്ധന കളോടുകൂടി വീണ്ടും മൂന്ന് മാസത്തേക്ക് പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് അനുവദിക്കുന്നു.

**2006 ഓഗസ്ത് 10:** കൊക്കക്കോളയുടെയും പെപ്സിയുടെയും ഉത്പാദനവും വിതരണവും സംസ്ഥാനത്ത് നിരോധിക്കാൻ മന്ത്രിസ  തീരുമാനിക്കുന്നു.

**2006 ഓഗസ്ത് 5:** പ്ലാച്ചിമടയിലെ സമരപ്രവർത്തകരുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസുകൾ സംസ്ഥാന സർക്കാർ പിൻവലിച്ചു.

15 വർഷങ്ങൾ



വര: പ്രജിൽ അമൻ

**2006 ഓഗസ്ത് 11:** കോളയുടെ വിപണനവും ഉത്പാദനവും നിരോധിച്ചത് കൊണ്ട് മാത്രം പ്ലാച്ചിമടയിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകില്ലെന്നും നഷ്ടപരിഹാരം നൽകി കോള കമ്പനി അടച്ചുപൂട്ടുന്നത് വരെ സമരം തുടരുമെന്നും സമരസമിതി പ്രഖ്യാപിച്ചു.

**2006 ഓഗസ്ത് 12:** സംസ്ഥാനത്ത് കൊക്കക്കോളയുടെയും പെപ്സിയുടെയും നിരോധനം പ്രാബല്യത്തിൽ വന്നു. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്ന നിയമത്തിലെ 7-ാം വകുപ്പിലെ 4-ാം ഉപവകുപ്പ് പ്രകാരമാണ് നിരോധനം ഏർപ്പെടുത്തിയത്.

**2006 ഓഗസ്ത് 19:** ആദിവാസി സംരക്ഷണ സംഘം പ്ലാച്ചിമട സമരം നിർത്തുന്നതായി പ്രഖ്യാപിക്കുന്നു. കൊക്കക്കോള, പെപ്സി ഉത്പന്നങ്ങൾ നിരോധിച്ച സർക്കാർ ഉത്തരവുകൾക്കെതിരെ കമ്പനികൾ ഹൈക്കോടതിയിൽ ഹർജി നൽകി.

**2006 സെപ്തംബർ 2:** പ്ലാച്ചിമടയിൽ ജലമലിനീകരണത്തിന് കാരണമായ കമ്പനിക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിന് മുന്നിൽ സമരസമിതി ധർണ്ണ നടത്തുന്നു.

**2006 സെപ്തംബർ 19:** പ്ലാച്ചിമടയിൽ മലിനീകരണം നടത്തിയ കമ്പനിയെ ശിക്ഷിക്കാൻ കഴിയാത്ത കേരള ഭൂജല അതോറിറ്റിക്ക് കേരളത്തിലെ ഭൂഗർഭ ജലസ്രോതസ്സുകൾ സംരക്ഷിക്കാനാകുമോ എന്ന ചോദ്യമുയർത്തി പാലക്കാട് ജില്ലാ ഭൂജല ഓഫീസിലേക്ക് സമരസമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് നടത്തുന്നു.

**2006 സെപ്തംബർ 20:** കൊക്കക്കോളയിൽ കീടനാശിനിയുടെ അളവ് അനുവദനീയമായതിന്റെ 70 ഇരട്ടിയും പെപ്സിയിൽ 20 ഇരട്ടിയുമാണെന്ന് സർക്കാർ ലബോറട്ടറിയിൽ നടന്ന പരിശോധനയിൽ കണ്ടെത്തിയത് ആരോഗ്യ മന്ത്രി പി.കെ. ശ്രീമതി നിയമസഭയെ അറിയിക്കുന്നു.

**2006 സെപ്തംബർ 22:** സംസ്ഥാനത്ത് കൊക്കക്കോള, പെപ്സി എന്നിവയുടെ ഉത്പാദനവും വിൽപ്പനയും നിരോധിച്ച സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുന്നു. ചീഫ് ജസ്റ്റിസ് വി.കെ. ബാലിയും ജസ്റ്റിസ് എം. രാമചന്ദ്രനും ഉൾപ്പെട്ട ബഞ്ച്.

**2006 സെപ്തംബർ 25:** കൊക്കക്കോള ബോട്ട്ലിങ് പ്ലാന്റിന്റെ പ്രവർത്തനം കാരണം പ്ലാച്ചിമടയിൽ ഉണ്ടായിട്ടുള്ള കാർഷിക-പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ സർക്കാർ കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തുന്നു.

15 വർഷങ്ങൾ

**2006 ഒക്ടോബർ 12:** തിരുവനന്തപുരം പേരൂർക്കടയിലെ കൊക്കക്കോള ഗോഡൗണിൽ നിന്ന് ശേഖരിച്ച കൊക്കക്കോളയുടെ ശീ

തളപാനീയത്തിൽ നടത്തിയ പരിശോധനയിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയതായി സാക്ഷ്യപ്പെടുത്തി, തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്‌ക്വാഡ് ഫുഡ് ഇൻസ്പെക്ടർ തിരുവനന്തപുരം ഫസ്റ്റ് ക്ലാസ് ജുഡീഷൽ മജിസ്ട്രേറ്റിന് മുന്നിൽ പരാതി സമർപ്പിക്കുന്നു.



**2006 നവംബർ 1:** കുടിവെള്ളമടക്കമുള്ള പ്രകൃതിവിഭവങ്ങളുടെ മേൽ പ്രാദേശിക ജനവിഭാഗങ്ങളുടെ അവകാശ പ്രഖ്യാപനത്തോടെ പ്ലാച്ചിമടയിൽ ജനകീയ ജലാധികാര ദിനം ആചരിക്കുന്നു.

**2006 നവംബർ 10:** പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റ് പ്രദേശത്തെ കിണറുകൾ വറ്റിക്കുകയും പരിസ്ഥിതിക്ക് ഗുരുതരമായ ആഘാതമുണ്ടാക്കുകയും ചെയ്തുവെന്ന് ഐക്യരാഷ്ട്രസഭ വികസന പദ്ധതിയുടെ മാനവ വികസന റിപ്പോർട്ട് പുറത്തുവരുന്നു.

**2006 ഡിസംബർ 5:** കൊക്കക്കോള-പെപ്സി നിരോധനം റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്യുന്നു.

**2006 ഡിസംബർ 10:** പ്ലാച്ചിമട പ്ലാന്റിൽ നിന്നും ഉപകരണങ്ങളും യന്ത്രഭാഗങ്ങളും കടത്തികൊണ്ടു പോകാൻ കമ്പനി അധികൃതർ ശ്രമിക്കുകയും, സമരപ്രവർത്തകർ തടയുകയും ചെയ്തു.

## 2007 ജനുവരി 24

ജലമലിനീകരണവും ജലശോഷണവും ഖരമാലിന്യവും കാരണമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പ്ലാച്ചിമടയിൽ ഉണ്ടായിട്ടുള്ളതായും കേരള ഭൂജലഅതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഇതിന്റെ വ്യാപ്തി കണക്കാക്കുന്നതിൽ പരാജയപ്പെട്ടതായും പ്ലാച്ചിമട സന്ദർശിച്ച നിയമസഭാ പരിസ്ഥിതി സമിതിക്ക് നൽകിയ നിവേദനത്തിൽ സമരസമിതി പ്രവർത്തകർ ഉന്നയിച്ചു. ആയതിനാൽ പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമായ വിധത്തിൽ കേരള ഭൂജല നിയമത്തിലും മാലിന്യ സംസ്കരണ നിയമങ്ങളിലും പഞ്ചായത്തീരാജ് നിയമങ്ങളിലും പരിസ്ഥിതി സംരക്ഷണ നിയമങ്ങളിലും ഭേദഗതി കൊണ്ടുവരാനും കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യാനും സമരസമിതി പ്രവർത്തകർ നിയമസഭാസമിതി അംഗങ്ങളോട് ആവശ്യപ്പെട്ടു.

**2007 ഫെബ്രുവരി 24:** കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി പ്ലാച്ചിമട വിഷയത്തിൽ രൂപീകരിച്ച കമ്മിറ്റി പ്ലാച്ചിമട സന്ദർശിച്ചു.

**2007 ഫെബ്രുവരി 26:** മലിനീകരണ നിയന്ത്രണ നിയമം, വാട്ടർ ആക്ട്, എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് എന്നിവ പ്രകാരം കമ്പനിക്കെതിരെ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാനും പ്ലാന്റ് എന്നെന്നേക്കുമായി അടച്ചുപൂട്ടാനും തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകാനും ജലവിഭവങ്ങളിന്മേലുള്ള അവകാശം നൽകാനും ഉള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് നൽകിയ നിവേദനത്തിൽ സമരി-ഐക്യദാർഢ്യ സമിതികൾ ആവശ്യപ്പെട്ടു.

**2007 മാർച്ച് 7:** ഐക്യദാർഢ്യ സമിതി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തുടർനടപടികൾ ആവശ്യപ്പെട്ട് കത്ത് നൽകി.

**2007 മാർച്ച് 10:** സമര-ഐക്യദാർഢ്യ സമിതികളുടെ ആഭിമുഖ്യത്തിൽ ജനകീയ ജലാധികാര യാത്ര കാസർകോഡ് മുതൽ തിരുവനന്തപുരം വരെ നടത്തി. ജലം ജീവന് ജലാധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യമുയർത്തിയ യാത്ര നഷ്ടപരിഹാരം ഈടാക്കി പ്ലാന്റ് സ്ഥിരമായി അടച്ചിടുക, കമ്പനിയെ കുറ്റവിചാരണ ചെയ്യുക, അടിസ്ഥാന വിഭവങ്ങൾ ചൂഷണം ചെയ്യുന്ന സംരംഭങ്ങളെ ചെറുക്കാൻ ത്രിതല പഞ്ചായത്ത് ഭരണസംവിധാനങ്ങൾക്ക് അധികാരം നൽകുന്ന നിയമനിർമ്മാണം നടത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചത്.

**2007 മാർച്ച് 15:** പ്ലാച്ചിമട ഐക്യദാർഢ്യ സമിതിയുടെ പരാതിയിന്മേൽ പ്ലാച്ചിമടയിലെ ജലചൂഷണം സംബന്ധിച്ച് വിശദ പഠനം നടത്താൻ പാലക്കാട് ജില്ലാ ഭൂജലവകുപ്പിനെ നിയോഗിക്കാമെന്ന് കേരള ഭൂജല അതോറിറ്റി യോഗത്തിൽ തീരുമാനിച്ചു.

**2007 ഏപ്രിൽ 4:** ജനകീയ ജലാധികാര യാത്ര തിരുവനന്തപുരത്ത് എത്തി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് നിവേദനം സമർപ്പിച്ചു.

**2007 ഏപ്രിൽ 22:** നഷ്ടപരിഹാരം ഈടാക്കി കൊക്കക്കോളയെ നാടുകടത്തുക എന്ന ആവശ്യവുമായി പ്ലാച്ചിമടയിൽ 100 ദിവസത്തെ റിലേ നിരാഹാരം തുടങ്ങി.

**2007 ജൂൺ 22:** കേരള ഭൂഗർഭജല നിയന്ത്രണ നിയമം 2002 പ്രകാരം ചിറ്റൂർ ബ്ലോക്കിനെ നോട്ടിഫൈഡ് ഏരിയയായി പ്രഖ്യാപിച്ചതിൽ തുടർനടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമട സമരസമിതി പാലക്കാട് ജില്ലാ ഭൂജല ഓഫീസർക്ക് കത്ത് നൽകി.

**2007 ഓഗസ്ത് 8:** പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിന് ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമട ഐക്യദാർഢ്യ സമിതി അംഗങ്ങൾ പ്രധാനമന്ത്രി മൻമോഹൻസിങ്, കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി, പ്രതിരോധ വകുപ്പ് മന്ത്രി എ.കെ. ആന്റണി എന്നിവർക്ക് നിവേദനം നൽകി.

**2007 ഓഗസ്ത് 10:** പ്ലാച്ചിമട വിഷയത്തിനുള്ള പരിഹാരം കോടതിയുടെ കാരുണ്യത്തിന് വിടുന്നതിന് പകരം രാഷ്ട്രീയ തീരുമാനത്തിലൂടെ കൊക്കക്കോളയെ എന്നെന്നേക്കുമായി പ്ലാച്ചിമടയിൽ നിന്ന് പുറത്താക്കുകയാണ് വേണ്ടതെന്ന് മേധാപട്കർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. അനിശ്ചിതകാല നിരാഹാരസത്യാഗ്രഹത്തിന്

15 വർഷങ്ങൾ

ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഓൾ ഇന്ത്യ സോളിഡാരിറ്റി കൺവെൻഷൻ പ്ലാച്ചിമടയിൽ നടന്നു.




**2007 ഓഗസ്ത് 18:** കൊക്കക്കോള കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് ജനങ്ങൾക്കൊപ്പം നിൽക്കുമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഭൂജലവകുപ്പിന്റെയും പഠനറിപ്പോർട്ടുകൾ പഠിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും സമരസമിതി പ്രവർത്തകരുമായി നടത്തിയ കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി ഉറപ്പ് നൽകി.

**2007 ഓഗസ്ത് 18:** പ്ലാച്ചിമട സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി അതിന്റെ അംഗങ്ങളായ സി.എൻ. ശശിധരൻ, വി.എസ്. മാധവൻ നായർ എന്നിവരെ ചുമതലപ്പെടുത്തി. സെപ്തംബർ 24ന് സമിതി പ്ലാച്ചിമട സന്ദർശിക്കുകയും ഐക്യദാർഢ്യ സമിതി നിവേദനം നൽകുകയും ചെയ്തു.

**2007 സെപ്തംബർ 27:** പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യത്തിലും പ്രദേശത്തുള്ള കിണറുകളിലും കാഡ്മിയത്തിന്റെ അളവ് അനുവദനീയ പരിധിയിലും അധികമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാലും കമ്പനിയുടെ ഖരമാലിന്യമാണ് കിണറുകളെ മലിനമാക്കിയത് എന്നുള്ളതിനാലും ഖരമാലിന്യം പുറന്തള്ളിയാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ അറിഞ്ഞുകൊണ്ടാണ് കമ്പനി ഇത് വിതരണം ചെയ്തിട്ടുള്ളത് എന്നതിനാലും വാട്ടർ ആക്ടിലെ 43, 47 വകുപ്പുകൾ പ്രകാരം കമ്പനിയെ കുറ്റവിചാരണ ചെയ്യാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നോട്ടീസ് അയക്കുന്നു.

**2007 ഒക്ടോബർ 18:** പ്ലാച്ചിമടയിലെ ജലമലിനീകരണ പ്രശ്നത്തിൽ കമ്പനിക്കെതിരെ ചിറ്റൂർ കോടതിയിൽ ഗോകുൽ പ്രസാദ് എന്ന വ്യക്തി വാട്ടർ ആക്ട് പ്രകാരം ഫയൽ ചെയ്ത കേസിൽ കുറ്റവിചാരണ നടന്നുകൊണ്ടിരിക്കുകയാണെന്നും ഒരേ കുറ്റത്തിന് ഒന്നിലേറെ തവണ കമ്പനിയെ കുറ്റവിചാരണ ചെയ്യാൻ കഴിയില്ലെന്നും അതിനാൽ പി.സി.ബിക്ക് കമ്പനിക്കെതിരെ കോടതിയെ സമീപിക്കാൻ കഴിയില്ലെന്നും പിസിബിയുടെ കാരണം കാണിക്കൽ നോട്ടീസിന് കമ്പനി മറുപടി നൽകുന്നു. ഈ വിഷയത്തിൽ പിസിബിയുടെ ഭാഗത്ത് നിന്നും പിന്നീട് പ്രതികരണമുണ്ടായില്ല.

**2007 ഒക്ടോബർ 23:** കൊക്കക്കോള പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നതിനാൽ പ്രദേശത്തെ ഭൂഗർഭജലലഭ്യതയെക്കുറിച്ച് തുടർപഠനങ്ങൾ നടത്തേണ്ടതില്ലെന്നും നഷ്ടപരിഹാരവും കുടിവെള്ള വിതരണവും സംബന്ധിച്ച നടപടിക്കായി സർക്കാർ തലത്തിലേക്ക് ശുപാർശ ചെയ്യുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി കെ. ജയകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന കേരള ഭൂഗർജല അതോറിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു. കേരള ഭൂഗർഭജല നിയന്ത്രണ നിയമം 2002ൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ ഒരു കമ്മിറ്റി രൂപീകരിച്ച് ചുമതലപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ അതോറിറ്റി തീരുമാനിച്ചു.

## 2008 ഏപ്രിൽ 22

പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരം ഏഴാം വർഷത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി പ്ലാച്ചിമടയിൽ റിലേ നിരാഹാര സത്യാഗ്രഹവും ദേശീയ സോളിഡാരിറ്റി കൺവെൻഷനും നടക്കുന്നു. മേധാപട്കർ, അരുണാറോയ്, സന്ദീപ് പാണ്ഡെ തുടങ്ങിയവർ പങ്കെടുക്കുകയും ക്രിമിനൽ കോളകളെ സാംസ്കാരികമായി ബഹിഷ്കരിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുകയും ചെയ്യുന്നു.

**2008 ഓഗസ്ത് 26:** പ്ലാച്ചിമടയിൽ അന്വേഷണത്തിനായി കേരള ഭൂജല അതോറിറ്റി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് വസ്തുതാവിരുദ്ധവും നിരുത്തരവാദപരവും ആണെന്ന് ഐക്യദാർഢ്യ സമിതി ഭൂജല അതോറിറ്റിയെ അറിയിച്ചു.

**2008 ഓഗസ്ത് 27:** പ്ലാച്ചിമട വിഷയം വിശദമായി പരിശോധിക്കുന്നതിനായി കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചു.

**2008 ഓഗസ്ത് 27:** ഗോകുൽ പ്രസാദ് ഫയൽ ചെയ്ത കേസ് പാലക്കാട് സി.ജെ.എം കോടതിയിലേക്ക് മാറ്റി.

**2008 സെപ്തംബർ 23:** ഉന്നതാധികാര സമിതി രൂപീകരിക്കണമെന്ന് സബ്കമ്മിറ്റി നിർദേശം ഗ്രൗണ്ട് വാട്ടർ അതോറിറ്റിയെ അറിയിച്ചു.

**2008 ഒക്ടോബർ 13:** പ്ലാച്ചിമട പ്രദേശത്ത് കൊക്കക്കോള പ്ലാന്റ് കാരണമുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് സബ്കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടം വിലയിരുത്താനും തോത് നിർണ്ണയിക്കാനും വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഉന്നതാധികാര സമിതിയെ നിയോഗിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യാനും അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന കേരള ഭൂഗർഭജല അതോറിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു.

## 2009 ജനുവരി 1

പ്ലാച്ചിമടയിലെ കുട്ടികളുടെ സാമൂഹ്യ പഠനയാത്രയുടെ ഭാഗമായി ട്രിബ്യൂണൽ ബില്ലിന്മേലുള്ള സർക്കാർ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും ഗവർണർക്കും നിവേദനം നൽകി.

**2009 ഫെബ്രുവരി 24:** കൊക്കക്കോളയെ നാടുകടത്തുമെന്ന് പ്രഖ്യാപിച്ച എൽ.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയിട്ടും കമ്പനിക്കെതിരെ നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ വീട്ടിലേക്ക് കൊക്കക്കോള വിരുദ്ധ സമരസമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും ആഭിമുഖ്യത്തിൽ മാർച്ച് നടത്തി.

15 വർഷങ്ങൾ

**2009 മാർച്ച് 29:** 2003ൽ ഒരു കിണറിൽ കാഡ്മിയം അധികമായി കണ്ടുവെന്നും, 2005ൽ

നാല് കിണറുകളിൽ ലെഡ് അധികമായി കണ്ടുവെന്നും, 2007ലും 2009ലും ഒരു കിണറിലും ലെഡിന്റെയും കാഡ്മിയത്തിന്റെയും സാന്നിധ്യം കണ്ടെത്താനായില്ലെന്നും പിസിബി ഉന്നതാധികാര സമിതിക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നു. കിണർ വെള്ളം 2007ൽ പൂർവ്വ സ്ഥിതി പ്രാപിച്ചതായി കാണുന്നതായും പിസിബി.




**2009 ഏപ്രിൽ 17:** കൊക്കക്കോളയുടെ പ്ലാന്റ് കാരണം പ്ലാച്ചിമടയിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ വ്യാപ്തിയെയും പ്രകൃതത്തെയുംകുറിച്ച് പഠിക്കാനുള്ള ഉന്നതാധികാര സമിതിയുടെ പരിഗണനാ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ജലവിഭവ വകുപ്പിന്റെ ഉത്തരവ്.

**2009 മെയ് 23:** ഉന്നതാധികാര സമിതിയിൽ അംഗങ്ങളായിരിക്കേണ്ട വിദഗ്ധരെ നിയമിച്ചുകൊണ്ട് എഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ ഉത്തരവ്.

**2009 ജൂലൈ 7:** ആദിവാസി സംരക്ഷണ സമിതിയും സമരസമിതിയും ചേർന്ന് ഉന്നതാധികാര സമിതിക്ക് നിവേദനം നൽകുന്നു.

**2009 സെപ്തംബർ 28:** ഉന്നതാധികാര സമിതി പ്ലാച്ചിമടയിൽ കൊക്കക്കോള കാരണമുണ്ടായ നാശനഷ്ടങ്ങളുടെ വ്യാപ്തിയും സ്വഭാവവും പഠിക്കുന്നതോടൊപ്പം ആ നാശങ്ങളുടെ ക്രിമിനൽ ഉത്തരവാദിത്തം കൊക്കക്കോള കമ്പനിയിൽ ചുമത്തുന്നതിനുള്ള തെളിവുകൾ ശേഖരിക്കുന്നതിനും നിലവിലുള്ള നിയമപ്രകാരം കമ്പനിയെ കുറ്റവിചാരണ ചെയ്ത് കമ്പനിയിൽ നിന്ന് തന്നെ നഷ്ടപരിഹാരം ഈടാക്കി ജനങ്ങൾക്ക് നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ രൂപപ്പെടുത്തി ഉന്നതാധികാര സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദേശങ്ങൾ കൊടുക്കണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതിയും ഐക്യദാർഢ്യ സമിതിയും ചേർന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് കത്ത് നൽകി.

**2009 സെപ്തംബർ 29:** ഉന്നതാധികാര സമിതിയുടെ ആധികാരികതയെ ചോദ്യം ചെയ്ത് കൊക്കക്കോള കമ്പനിയുടെ ജനറൽ സെയിൽസ് മാനേജർ അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന ഭൂഗർ ജല വകുപ്പ് എന്നിവർക്ക് കത്തയക്കുന്നു.

**2010 ജനുവരി 13:** പ്ലാച്ചിമട പ്ലാന്റിലെ താത്കാലിക ലാന്റ് ഫിൽ സംവിധാനത്തിൽ സൂക്ഷിച്ചിരുന്ന ഖരമാലിന്യം മുഴുവനായും അമ്പലമേടിലെ ടി.എസ്.ഡി.എഫിലേക്ക് മാറ്റണമെന്ന് പാലക്കാട് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയെ അറിയിച്ചു.

**2010 ജനുവരി 14:** കമ്പനി കാരണമുണ്ടായ മലിനീകരണം കൂടുതൽ ദൂരങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എസ്.ഡി. ജയപ്രസാദിന്റെ റിപ്പോർട്ട്.

**2010 മാർച്ച് 27:** പ്ലാച്ചിമടയിലെ കോളനികളിലേക്കുള്ള പൈപ്പുവെള്ളത്തിന്റെ കണക്ഷനുമായി ബന്ധപ്പെട്ട് പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ മാർച്ചിനിടെ കോള വിരുദ്ധ സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ ആക്രമിക്കപ്പെട്ടു. ഇതിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് എന്നയാളെ പ്രതിചേർത്ത് പോലീസ് കേസെടുത്തു.

**2010 മാർച്ച് 30:** വിളയോടി വേണുഗോപാൽ ആക്രമിക്കപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് ചില സാമൂഹ്യവിരുദ്ധർ പ്ലാച്ചിമട കോളനിയിലെ രണ്ട് വീടുകൾ തകർക്കുകയും സമരപ്പന്തൽ തീവെച്ച് നശിപ്പിക്കുകയും ചെയ്തു. വീടുകൾ തകർത്തവർക്കെതിരെ എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം കേസെടുത്തു.

**2010 ഏപ്രിൽ 22:** അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി സർക്കാറിൽ റിപ്പോർട്ട് സമർപ്പിച്ചു. ഭൂഗർജലത്തിന്റെ അമിത ചൂഷണത്തിലൂടെയും മലിനീകരണത്തിലൂടെയും കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽ ഉണ്ടാക്കിയ ആഘാതങ്ങൾക്ക് പൊല്യൂട്ടർ പെയ്സ് തത്വം പ്രകാരം 216.26 കോടി രൂപ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാവുന്നതാണെന്നും ഇതിനായി ഒരു ട്രിബ്യൂണലോ സംസ്ഥാന തലത്തിൽ ഒരു അതോറിറ്റിയോ രൂപീകരിക്കാമെന്നും നിർദേശിച്ചുകൊണ്ടുള്ളതായിരുന്നു റിപ്പോർട്ട്.

**2010 മെയ് 25:** പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റ് അടച്ചതുകൊണ്ട് ആകെയുണ്ടായ നേട്ടം 500 പേരുടെ ജോലി നഷ്ടപ്പെട്ടതാണെന്ന് വ്യവസായ വകുപ്പ് സെക്രട്ടറി ടി. ബാലകൃഷ്ണൻ കോഴിക്കോട് വച്ച് നടന്ന ഒരു സെമിനാറിൽ അഭിപ്രായപ്പെട്ടു. വ്യവസായ മന്ത്രി എളമരം കരീം സെമിനാറിൽ സന്നിഹിതനായിരുന്നു. ഉന്നതാധികാര സമിതി റിപ്പോർട്ടിന് നിയമസാധുതയില്ലെന്നും കമ്പനിയിൽ നിന്ന് നഷ്ടപരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുന്നത് വ്യവസായ വകുപ്പിന്റെ താത്പര്യത്തിന് എതിരാണെന്നും കമ്പനിയിൽ നിന്നുള്ള രാസമാലിന്യം റിപ്പോർട്ടിൽ പറയുന്നത് പോലെ പ്രദേശത്തെ സാരമായി ബാധിച്ചിട്ടില്ലെന്നും അഭിപ്രായപ്പെടുന്ന കുറിപ്പ് നേരത്തെ വ്യവസായ വകുപ്പ് മന്ത്രിസഭയിൽ അവതരിപ്പിച്ചിരുന്നു.

**2010 ജൂൺ 30:** കൊക്കക്കോളയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് ട്രിബ്യൂണൽ രൂപീകരിക്കാൻ കേരള മന്ത്രിസഭ തീരുമാനിച്ചു.

വ്യവസായ വകുപ്പിന്റെ സമീപനത്തിന് എതിരെ സമരസമിതിയും ഐക്യദാർഢ്യ സമിതിയും ചേർന്ന് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന് മുന്നിൽ പ്രകടനം നടത്തി.

15 വർഷങ്ങൾ

**2010 ജൂലൈ 3:** വ്യവസായ വകുപ്പും നീതിന്യായ വകുപ്പുമായി കൂടിയാലോചിച്ചതിന് ശേഷം ഉന്നതാധികാര സമിതി നിർദേശപ്രകാരം ട്രിബ്യൂണൽ രൂപീകരിക്കാൻ തീരുമാനി

ച്ചതായി സംസ്ഥാന ജലവിഭവ വകുപ്പ് ഉത്തരവ്.

**2011 ഫെബ്രുവരി 23**

പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ കേരള നിയമസഭ ഐക്യകണ്ഠേന പാസ്സാക്കി.




**2011 മാർച്ച് 29 🗎:** കേരള ഗവർണ്ണറുടെ സെക്രട്ടറി ബില്ല് രാഷ്ട്രപതിയുടെ അനുമതിക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേക്ക് അയച്ചുകൊടുത്തു. പരിസ്ഥിതി സംരക്ഷണ നിയമം, 1986, വാട്ടർ ആക്ട്, 1981, ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് 2010 എന്നീ നിയമങ്ങളുമായി ബില്ലിന്റെ ചില ഭാഗങ്ങൾക്ക് റിപഗ്നൻസി ഉള്ളതിനാൽ രാഷ്ട്രപതിയുടെ അനുമതിയില്ലാതെ സംസ്ഥാന സർക്കാറിന് ബില്ല് നിയമമാക്കാൻ കഴിയില്ലെന്നായിരുന്നു സംസ്ഥാന ഗവർണ്ണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനെ അറിയിച്ചത്. നിയമവകുപ്പിൽ നിന്ന് കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ല് കേന്ദ്രത്തിലേക്ക് അയക്കുന്നത്.

**2011 ഏപ്രിൽ 1:** പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയിൽ.

**2011 ഏപ്രിൽ 13:** കേന്ദ്ര ആഭ്യന്തര മന്ത്രാലയം മറ്റ് മന്ത്രാലയങ്ങളുടെ അഭിപ്രായമറിയാൻ ബില്ല് അയച്ചുകൊടുക്കുന്നു.

**2011 മെയ് 4:** പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന് കേന്ദ്ര സർക്കാർ അനുമതി നൽകുന്നതിൽ തടസ്സമില്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആഭ്യന്തര മന്ത്രാലയത്തെ അറിയിക്കുന്നു.

**2011 മെയ് 16:** ട്രിബ്യൂണൽ ബില്ലിന്റെ ഭരണഘടനാപരമായ സാധുത സംബന്ധിച്ച് നിർദേശങ്ങളൊന്നും ഇല്ലെന്ന് കേന്ദ്ര കാർഷിക മന്ത്രാലയം ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകുന്നു.

**2011 മെയ് 18:** ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിൽ എതിർപ്പില്ലെന്ന് കേന്ദ്ര നീതിന്യായ മന്ത്രാലയം ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകി.

**2011 ജൂൺ 26:** കേരളത്തിലെ സർക്കാർ ആശുപത്രികളിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള കൊക്കക്കോള കമ്പനിയുടെ പദ്ധതി എറണാകുളം ജനറൽ ആശുപത്രിയിൽ കേന്ദ്ര കൃഷി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സഹമന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്യുന്നു. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ പരിഗണനയിൽ ഇരിക്കുന്ന സമയത്താണ് കൊക്കക്കോളയുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായുള്ള പദ്ധതി ഉദ്ഘാടനം ചെയ്യാൻ കേന്ദ്ര മന്ത്രി എത്തുന്നത്. സ്ഥലം എം.എൽ..എ ഹൈബി ഈഡനും ചടങ്ങിൽ സന്നിഹിതനായിരുന്നു.

**2011 ജൂലൈ 8 🗎:** കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബില്ലിന്മേൽ കൊക്കക്കോള കമ്പനിക്ക് ലഭിച്ച നിയമോപദേശത്തിൽ സംസ്ഥാന സർക്കാറിന്റെ വിശദീകരണം ചോദിച്ചു. സംസ്ഥാന നിയമസഭക്ക് ബില്ല് പാസ്സാക്കാനുള്ള അധികാരമില്ലെന്ന, മുതിർന്ന അഭിഭാഷകൻ ഫാലി. എസ് നരിമാന്റെ നിയമോപദേശമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാ



വര: പ്രജിൽ അമൻ

ലയം സംസ്ഥാനത്തിന് അയച്ചത്.

**2011 ജൂലൈ 12 :** ട്രിബ്യൂണൽ ബില്ലിൽ ഉൾപ്പെടുത്താവുന്ന നിർദേശങ്ങൾ കേന്ദ്ര ജല വിഭവ മന്ത്രാലയം ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തു.

**2011 ജൂലൈ 12 :** കമ്പനിക്ക് കിട്ടിയ നിയമോപദേശത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ആഭ്യന്തര വകുപ്പ് ബില്ല് കേരളത്തിന് തിരിച്ചയച്ചു.



**2011 ജൂലൈ 26:** ആദിവാസി സംരക്ഷണ സംഘവും സമര സമിതിയും ബില്ലിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റിന് കത്തയച്ചു.

**2011 ജൂലൈ 29 :** ട്രിബ്യൂണൽ ബില്ലിന്റെ പരിഗണനയിലുള്ള വിഷയങ്ങൾ തങ്ങളുടെ പരിഗണനയിൽ വരുന്നതല്ലാത്തതിനാൽ ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയം ബില്ലിന്മേൽ നിർദേശങ്ങളില്ലെന്ന് വ്യക്തമാക്കി ആഭ്യന്തര മന്ത്രാലയത്തിന് മറുപടി അയച്ചു.

**2011 ഓഗസ്ത് 25:** ട്രിബ്യൂണൽ ബില്ല് അട്ടിമറിക്കുന്നതിനുള്ള കൊക്കക്കോളയുടെ ഗൂഢശ്രമങ്ങളിൽ പ്രതിഷേധിച്ച് സമരസമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും ആഭിമുഖ്യത്തിൽ പ്ലാച്ചിമടയിലേക്ക് മാർച്ച്.

**2011 ഓഗസ്ത് 30:** അമേരിക്കയിൽ നിന്നുള്ള ഉദ്യോഗസ്ഥരുമായി വിദേശനിക്ഷേപത്തിന്റെ കാര്യത്തിൽ നടന്ന ചർച്ചയിൽ പാർട്ടിയുടെ നയങ്ങൾക്കും പരിപാടികൾക്കും അനുസൃതമായാണ് താനടക്കമുള്ള നേതാക്കൾ അഭിപ്രായ പ്രകടനങ്ങൾ നടത്തിയതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ മാദ്ധ്യമങ്ങളോട് പറഞ്ഞു. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി നേരിടുന്ന പ്രശ്നങ്ങൾ കാരണം മറ്റ് അമേരിക്കൻ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് പിൻവാങ്ങരുതെന്നും പ്ലാച്ചിമടയിലേത് അമേരിക്കൻ കമ്പനികളോടുള്ള പ്രശ്നമല്ല, പ്രാദേശികമായ പരിസ്ഥിതി പ്രശ്നമാണെന്നും പിണറായി വിജയൻ അമേരിക്കൻ ഉദ്യോഗസ്ഥരോട് അഭിപ്രായ പ്രകടനം നടത്തിയതിന്റെ രേഖകൾ വിക്കിലീക്സ് പുറത്തുവിട്ടത് വിവാദമായ പശ്ചാത്തലത്തിലായിരുന്നു പ്രതികരണം.

**2011 സെപ്തംബർ 29 :** ഉന്നതാധികാര സമിതി അംഗം എസ്. ഫെയ്സി കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി പി. ചിദംബരത്തിന് കൊക്കക്കോളക്ക് ലഭിച്ച നിയമോപദേശം സംബന്ധിച്ച് വിശദീകരണം നൽകി.

**2011 ഒക്ടോബർ 3 :** കൊക്കക്കോളയുടെ അഭിഭാഷകൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് എസ് ഫെയ്സി നൽകിയ മറുപടി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് അയക്കാത്തത് ചൂണ്ടിക്കാണിച്ചും, നടപടി ഉണ്ടായില്ലെങ്കിൽ കമ്പനിയുടെ ആസ്തി പിടിച്ചെടുക്കൽ സമരത്തിലേക്ക് കടക്കുമെന്ന് മുന്നറിയിപ്പ് കൊടുത്തുകൊണ്ടും സംസ്ഥാന നിയമവകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, റവന്യൂ മന്ത്രി, പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നിവർക്ക് സമരസമിതി കത്തയച്ചു.

**2011 ഒക്ടോബർ 23:** പ്ലാച്ചിമടയിൽ ജനകീയ കൺവെൻഷൻ സംഘടിപ്പിച്ചു.

**2011 നവംബർ 17 :** ട്രിബ്യൂണൽ ബില്ല് സംബന്ധിച്ച സർക്കാറിന്റെ വിശദീകരണം നിയമവകുപ്പ് സെക്രട്ടറി സി പി രാമരാജ പ്രേമ പ്രസാദ് സംസ്ഥാന ഗവർണറുടെ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും അത് പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സംസ്ഥാനം മറുപടി നൽകുകയും ചെയ്തു.

**2011 ഡിസംബർ 15:** ട്രിബ്യൂണൽ ബില്ല് നടപ്പിലാക്കുക, വിഷക്കോളകളെ നാടുകടത്തുക എന്ന ആഹ്വാനവുമായി ഐക്യദാർഢ്യസമിതി തൃശൂരിൽ ഇളനീർ കൺവെൻഷനും നാടൻ പാനീയമേളയും സംഘടിപ്പിച്ചു.

**2011 ഡിസംബർ 17:** കൊക്കക്കോള കമ്പനിയുടെ ആസ്തി ജനങ്ങൾ കണ്ടുകെട്ടുകയും 22 പേർ അറസ്റ്റിലാവുകയും ചെയ്തു. അറസ്റ്റിലായവർ ജാമ്യം നിഷേധിച്ച് ജയിലിൽ പോയി. പ്ലാച്ചിമടയിലെ കമ്പനിയുടെ ആസ്തികൾ പൊതുജനങ്ങളുടെ സ്വത്തായി മാറിയതായി സമരം പ്രഖ്യാപിച്ചു.

**2011 ഡിസംബർ 19 :** ട്രിബ്യൂണൽ ബില്ല് നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി പി.ജെ. ജോസഫ് അറസ്റ്റിലായ സമരപ്രവർത്തകരെ അറിയിക്കുന്നു. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാറിനെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി സമരപ്രവർത്തകരെ അറിയിക്കുന്നു. കൊക്കക്കോളയുടെ ആസ്തി കണ്ടുകെട്ടിയ സമരപ്രവർത്തകരുടെ അറസ്റ്റിൽ പ്രതിഷേധിച്ചും ട്രിബ്യൂണൽ ബില്ല് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടും സെക്രട്ടറിയേറ്റിന് മുന്നിൽ പ്രതിഷേധ യോഗം നടക്കുന്നു.

**2011 ഡിസംബർ 24:** കോളയുടെ ആസ്തികൾ പിടിച്ചെടുത്ത് അറസ്റ്റിലായ 17 പേരെ ചിറ്റൂർ മജിസ്ട്രേറ്റ് കോടതി ജാമ്യത്തിൽ വിട്ടയച്ചു. ട്രിബ്യൂണൽ ബില്ല് നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചതിനെത്തുടർന്ന് വിയ്യൂർ ജയിലിൽ നടത്തിവന്ന നിരാഹാരം സമരപ്രവർത്തകർ അവസാനിപ്പിച്ചിരുന്നു.

## 2012 മാർച്ച് 31

സംസ്ഥാന സർക്കാരുമായി ഇടപെടൽ നടത്താതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നേരിട്ട് കമ്പനി അഭിപ്രായമറിയിച്ചതും, അത് കണക്കിലെടുത്ത് ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് വിശദീകരണം ചോദിച്ചതും സ്വാഭാവിക പ്രക്രിയയല്ലെന്ന് മാത്രമല്ല നിയമവിരുദ്ധമായ നടപടിയാണെന്നും ഇത് സംബന്ധിച്ച സംസ്ഥാന സർക്കാറിന്റെ വിശദീകരണം രാഷ്ട്രപതിക്ക് അയക്കാതെ ആഭ്യന്തര മന്ത്രി കൊക്കക്കോള കമ്പനിക്ക് വേണ്ടി കണ്ണടയ്ക്കുകയാണെന്നും ആരോപിച്ച് കൊക്കക്കോള വിരുദ്ധ

15 വർഷങ്ങൾ

സമരസമിതിയും ഐക്യദാർഢ്യസമിതിയും രാഷ്ട്രപതി പ്രതിഭാ പാട്ടീലിന് കത്തയച്ചു.

**2012 ഏപ്രിൽ 22:** പ്ലാച്ചിമട സമരത്തിന്റെ 10ാം വാർഷികത്തിന്റെ ഭാഗമായി പ്ലാച്ചിമടയിൽ ജനകീയ സമരസംഗമവും മാദ്ധ്യമ സംഗമവും സംഘടിപ്പിക്കുന്നു.

**2012 ഓഗസ്ത് 21:** ഗോകുൽ പ്രസാദ് എന്ന വ്യക്തി വാട്ടർ ആക്ട് പ്രകാരം കമ്പനിക്കെതിരെ നൽകിയ കേസിൽ തെളിവുകളുടെ അഭാവത്തിൽ കമ്പനിയെ വെറുതെ വിടുന്നതായി പാലക്കാട് സിജെഎം കോടതി വിധിക്കുന്നു.

**2013 മാർച്ച് 11:** കൊക്കക്കോള കമ്പനിക്ക് 5,26,08,733 രൂപയുടെ നികുതിയിളവിനുള്ള യോഗ്യതാപത്രം വ്യവസായ-വാണിജ്യ ഡയറക്ടർ അനുവദിച്ചു.

**2013 ജൂൺ 10:** പ്ലാച്ചിമടയിൽ മാമ്പഴച്ചാർ ഫാക്ടറി തുടങ്ങുന്നത് സംബന്ധിച്ച് കൊക്കക്കോള കമ്പനിക്ക് വേണ്ടി അനുകൂല നിലപാടെടുക്കാൻ എം.പി. വീരേന്ദ്രകുമാർ തന്നെ സമീപിച്ചിരുന്നതായും രണ്ടു കോടി രൂപയും ബാംഗ്ലൂരിൽ വീടും വാഗ്ദാനം ചെയ്തിരുന്നതായും കെ. കൃഷ്ണൻകുട്ടി ആരോപിച്ചു. എം.പി. വീരേന്ദ്രകുമാർ ആരോപണം നിഷേധിച്ചു.

**2013 ജൂലൈ 13:** കൊക്കക്കോള പ്ലാന്റ് പൂട്ടുന്നതിന് പകരം മാമ്പഴച്ചാർ ഫാക്ടറി തുടങ്ങുന്നത് സംബന്ധിച്ച് കൊക്കക്കോള കമ്പനിക്ക് വേണ്ടി സോഷ്യലിസ്റ്റ് ജനത നേതാവ് എം. പി. വീരേന്ദ്രകുമാർ സമീപിച്ചിരുന്നതായി കൊക്കക്കോള വിരുദ്ധ സമരസമിതി മാദ്ധ്യമങ്ങളെ അറിയിച്ചു. പ്ലാച്ചിമടയിൽ കൊക്കക്കോള സൃഷ്ടിച്ച നാശനഷ്ടങ്ങൾ പഠിക്കാൻ ഉന്നതാധികാര സമിതിയെ നിയമിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായ സമയത്താണ് മാമ്പഴച്ചാർ ഫാക്ടറി എന്ന നിർദേശം അംഗീകരിപ്പിക്കാൻ എം.പി. വീരേന്ദ്രകുമാർ ശ്രമം നടത്തിയതെന്ന് വിളയോടി വേണുഗോപാൽ ആരോപിച്ചു. നേരത്തെ കെ. കൃഷ്ണൻകുട്ടി സമരപ്പന്തലിലെത്തി നിർദേശം മുന്നോട്ട് വെച്ചപ്പോൾ എല്ലാവരും എതിർക്കുകയായിരുന്നുവെന്നും തുടർന്ന് കൃഷ്ണൻ കുട്ടിയുടെ മുൻകൈയ്യിലാണ് പാലക്കാട് ഇന്ദ്രപ്രസ്ഥ ഹോട്ടലിൽവെച്ച് എം.പി. വീരേന്ദ്രകുമാറുമായി കൂടിക്കാഴ്ച നടത്തിയതെന്നും സമരസമിതി അറിയിച്ചു.

**2013 ഓഗസ്ത് 15:** ട്രിബ്യൂണൽ ബില്ല് നടപ്പിലാക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ചും കമ്പനിക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇടതു-വലത്-ബിജെപി മുന്നണികളെ തുറന്നുകാണിക്കുന്നതിനും പ്ലാച്ചിമട സമരസമിതി രാഷ്ട്രീയ പാർട്ടികളെ ജനകീയ വിചാരണ ചെയ്തു.

**2013 നവംബർ 28:** ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭ്യമാക്കുന്നതിന് കേരള സർക്കാറിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മന്ത്രിമാരോ മുഖ്യമന്ത്രിയോ തന്നെ സമീപിച്ചിട്ടില്ലെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. പ്ലാച്ചിമട ജനാധികാര യാത്രാംഗങ്ങളോടാണ് മന്ത്രി ഇത്തരത്തിൽ പ്രതികരിച്ചത്. കേരള സർക്കാറിന്റെ റസിഡന്റ് കമ്മീഷണർ അടക്കമുള്ള ഉദ്യോഗസ്ഥർ ഡൽഹിയിൽ ജനകീയ പ്രശ്നങ്ങൾക്ക് വേണ്ടി ഇടപെടാൻ തത്പരരല്ലെന്നും മന്ത്രി.



## 2014 ഫെബ്രുവരി 21

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി സമരപ്രവർത്തകർ കൂടിക്കാഴ്ച നടത്തി. ട്രിബ്യൂണൽ ബില്ലിന്മേൽ രാഷ്ട്രപതിയുടെ അംഗീകാരം സംബന്ധിച്ച് 15 ദിവസത്തിനുള്ളിൽ നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

**2014 ജൂലൈ 17:** ട്രിബ്യൂണൽ ബില്ല് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമട സമരസമിതിയും ഐക്യദാർഢ്യ സമിതിയും കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ്ങിന് നിവേദനം സമർപ്പിച്ചു.

**2014 നവംബർ 5:** ബില്ല് പാസ്സാക്കാൻ സംസ്ഥാന സർക്കാറിന് അധികാരമില്ലെന്നും പ്ലാച്ചിമട വിഷയത്തിൽ നഷ്ടപരിഹാരത്തിന് ദേശീയ ഹരിത ട്രിബ്യൂണലിനെ സമീപിക്കുകയാണ് വേണ്ടതെന്നും സോളിസിറ്റർ ജനറൽ രഞ്ജിത് കുമാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നിയമോപദേശം നൽകി.

**2014 ഡിസംബർ 1:** പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവർണർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കത്തയച്ചു. നീതിന്യായ മന്ത്രാലയവുമായി നടത്തിയ ചർച്ചയിലും ഇന്ത്യയുടെ സോളിസിറ്റർ ജനറലിൽ നിന്ന് കിട്ടിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ബില്ല് പാസ്സാക്കാൻ സംസ്ഥാന നിയമസഭക്ക് അധികാരമില്ലെന്ന അഭിപ്രായമാണ് രൂപപ്പെട്ടതെന്നും മന്ത്രാലയം സംസ്ഥാനത്തെ അറിയിച്ചു.

## 2015 മാർച്ച് 20

കൊക്കക്കോള കമ്പനി ബോധപൂർവ്വം തങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനീകരിച്ചതായും പട്ടിക ജാതി-പട്ടിക വർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കമ്പനിയുടെ മേലുദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടികൾ കൈക്കൊള്ളണമെന്നും കമ്പനിക്ക് പ്ലാച്ചിമടയിലും കൊച്ചിയിലുമുള്ള വസ്തുവകകൾ കണ്ടുകെട്ടണമെന്നും ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന് തങ്കവേലു പരാതി നൽകി. ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് വിജയനഗർ, പ്ലാച്ചിമട കോളനികളിലുള്ളവരും ചേർന്ന് കൂട്ടപ്പരാതിയും നൽകി.

**2015 ജൂലൈ 9:** സംസ്ഥാന സർക്കാർ ബില്ല് പിൻവലിക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാർ ബില്ല് തിരിച്ചയച്ചു.

**2015 നവംബർ:** രാഷ്ട്രപതി ബില്ലിന് അനുമതി നിഷേധിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന ഗവർണറെ അറിയിച്ചു.

15 വർഷങ്ങൾ

## 2016 ജനുവരി 18

ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചത് സംസ്ഥാന ഗവർണ്ണറുടെ സെക്രട്ടറി നിയമവകുപ്പ് സെക്രട്ടറിയെ അറിയിച്ചു.

**2016 ഫെബ്രുവരി 11:** കൊക്കക്കോള കമ്പനിയെ സഹായിക്കാനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശപ്രകാരമാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബില്ല് രാഷ്ട്രപതി അനുമതി നൽകാതെ തിരിച്ചയച്ചതെന്ന് ആരോപിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ്ങിനെ തിരുവനന്തപുരത്ത് വെച്ച് സമരപ്രവർത്തകർ കരിങ്കൊടി കാണിച്ചു.

**2016 ഫെബ്രുവരി 19 🗎:** കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഷ കമ്മീഷൻ, കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ തങ്കവേലു അടക്കമുള്ളവർ പരാതി സമർപ്പിച്ചു. 2015 മാർച്ചിൽ പരാതി സമർപ്പിച്ചെങ്കിലും കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത കേസ് അന്വേഷിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കണമെന്നും ആയിരുന്നു ആവശ്യം.

**2016 ഏപ്രിൽ 25 🗎:** കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ കമ്മീഷൻ, കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ തങ്കവേലു അടക്കമുള്ളവർ പരാതി സമർപ്പിച്ചു. 2015 മാർച്ചിൽ പരാതി സമർപ്പിച്ചെങ്കിലും കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത കേസ് അന്വേഷിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കണമെന്നും ആയിരുന്നു ആവശ്യം.

**2016 ജൂൺ 9 🗎:** തങ്കവേലുവും മറ്റുള്ളവരും നൽകിയ പരാതിയിൽ മീനാക്ഷിപുരം പോലീസ് എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം എഫ്ഐആർ (നമ്പർ 308) ഫയൽ ചെയ്തു. കൊക്കക്കോള കമ്പനിയുടെ പ്ലാച്ചിമട പ്ലാന്റിന്റെ തലവൻ, കൊച്ചി ആസ്ഥാനമായുള്ള കേരള റീജ്യണൽ തലവൻ, ഡൽഹി നോയിഡ ആസ്ഥാനമായുള്ള അഖിലേന്ത്യ തലവൻ എന്നിവർക്കെതിരെയാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്.

**2016 നവംബർ 12:** തിരുവിതാംകൂർ ദേവസ്വം ബോർഡ് 2016–2017 ശബരിമല ഉത്സവ സീസണിലെ ശീതളപാനീയ വിൽപ്പനക്കുള്ള കുത്തക ടെണ്ടർ കൊക്കക്കോള കമ്പനിക്ക് അനുവദിച്ചു. ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പികളിലുള്ള വെള്ളവും ശീതളപാനീയങ്ങളും ഹൈക്കോടതി നിരോധിച്ച സാഹചര്യത്തിൽ വെന്റിങ് മെഷീനിലൂടെയും ടിൻബോട്ടിലുകളിലും ശീതളപാനീയ വിൽപ്പന നടത്താനുള്ള ടെണ്ടറാണ് കൊക്കക്കോള സ്വന്തമാക്കിയത്. കമ്പനിയുടെ വെന്റിങ് മെഷീനുകൾക്ക് ലൈസൻസ് ഇല്ലാത്തതിനാൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് ശബരിമലയിൽ വെന്റിങ് മെഷീനുകളിൽ ക്കൂടിയുള്ള കൊക്കക്കോള വിൽപ്പന പിന്നീട് തടഞ്ഞു.

## 2017 ഫെബ്രുവരി 23

കേന്ദ്ര സർക്കാർ തിരിച്ചയച്ച പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് ന്യൂനതകൾ പരിഹരിച്ച് വീണ്ടും നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിന് മുന്നോടിയായി സ്പീക്കർ ശ്രീരാമകൃഷ്ണൻ മാദ്ധ്യമങ്ങളെ അറിയിച്ചു.

**2017 മാർച്ച് 16 🗎:** പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണലിലെ വിഷയം 2010ലെ ഗ്രീൻ ട്രിബ്യൂണലിന്റെ പരിധിയിൽ വരുന്നതിനാൽ സംസ്ഥാന നിയമസഭക്ക് പ്രസ്തുത ബില്ല് പുനരവതരിപ്പിക്കാൻ കഴിയില്ലെന്ന് നിയമോപദേശം ലഭിച്ചതായി ജലവിഭവ വകുപ്പ് മന്ത്രി മാത്യു. ടി തോമസ് പതിനാലാം നിയമസഭയുടെ നാലാം സമ്മേളനത്തിൽ ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞു. നഷ്ടപരിഹാരം കമ്പനിയിൽ നിന്ന് നേടിയെടുക്കാൻ സാധ്യമായ മാർഗ്ഗം ഉണ്ടോയെന്ന് നിയമപരമായി പരിശോധിച്ചുവരുന്നതായും മന്ത്രി അറിയിക്കുന്നു.

**2017 മാർച്ച് 1:** സംസ്ഥാനത്ത് പെപ്സി, കൊക്കക്കോള കമ്പനികളുടെ ശീതളപാനീയങ്ങൾ ബഹിഷ്കരിക്കാൻ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന നേതൃത്വം തീരുമാനിച്ചെങ്കിലും ബഹിഷ്കരണം അപ്രായോഗികമാണെന്ന് പറഞ്ഞ് ജില്ലാ നേതൃത്വങ്ങൾ പിന്മാറി. ജെല്ലിക്കെട്ട് പ്രക്ഷോഭത്തെയും വരൾച്ചയെയും തുടർന്ന് തമിഴ്നാട്ടിലെ ഒരു വിഭാഗം വ്യാപാരികൾ കോളകൾ ബഹിഷ്കരിച്ച പശ്ചാത്തലത്തിലായിരുന്നു കേരളത്തിലും അത് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിരുന്നത്.

**2017 മാർച്ച് 27:** തട്ടുകടകൾ നടത്തുന്നവർക്ക് ഭക്ഷ്യസുരക്ഷയും ശുചിത്വവും മാലിന്യം കൈകാര്യം ചെയ്യലും സംബന്ധിച്ച് വിദഗ്ധ പരിശീലനം നൽകാനുള്ള കരാറിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുമായി കൊക്കക്കോള കമ്പനി ഒപ്പുവെക്കുന്നു. കമ്പനിയുടെ സാമൂഹികോത്തരവാദിത്വ നിധിയിലൂടെ നടപ്പാക്കുന്ന പദ്ധതി രാജ്യത്തെ പ്രമുഖ നഗരങ്ങളിലെ അമ്പതിനായിരത്തോളം തട്ടുകടകളിലായിരിക്കും നടപ്പിലാക്കുക.

**2017 ഏപ്രിൽ 22:** പ്ലാച്ചിമട സമരം 15 വർഷം പിന്നിട്ടു. പാലക്കാട് കളക്ട്രേറ്റിന് മുന്നിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു...

## പ്ലാച്ചിമട: സമരം തുടരുന്നു

പ്ലാച്ചിമട സമരത്തിന്റെ 15-ാം വാർഷിക ദിനമായ ഏപ്രിൽ 22ന് പാലക്കാട് കളക്ട്രേറ്റിന് മുന്നിൽ ആരംഭിച്ച അനിശ്ചിതകാല സത്യാഗ്രഹ സമരം തുടരുന്നു. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉടൻ സ്വീകരിക്കണമെന്നും പട്ടികജാതി-പട്ടിവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കൊക്കക്കോളയ്ക്കെതിരെ എടുത്ത കേസിൽ തുടർ നടപടികൾ ഉടൻ കൈക്കൊള്ളുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.